# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അമ്പൂരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: kSA TVM/Gp2/952/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 30/06/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അമ്പൂരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അമ്പൂരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അമ്പൂരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: kSA TVM/Gp2/952/2022 തീയ്യതി: 30/06/2022

## തിരുവനന്തപുരം ജില്ലയിലെ അമ്പൂരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ അമ്പൂരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ | 09-05-2022 | 18-05-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 09-05-2022 | 18-05-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സിന്ധുലാബീവി. എം, ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)

ശ്രീ. അനിൽകുമാർ ആർ, അസി. ഓഡിറ്റ് ഓഫീസർ

ശ്രീ. ജസ്റ്റിൻരാജ്. റ്റി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. രഞ്ജിത്ത്. സി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഷാജി | പ്രസിഡന്റ് | 01-04-2020 | 08-12-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 09-12-2020 | 29-12-2020 |
| ശ്രീമതി വത്സല രാജു | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ. ബി.കെ കൃഷ്ണകുമാർ | സെക്രട്ടറി | 01-04-2020 | 15-04-2020 |
| ശ്രീ. സലിൽ എ സോണി | സെക്രട്ടറി | 15-04-2020 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. എൻ വി പ്രവീൺകുമാർ | അസിസ്റ്റന്റ് എഞ്ചിനീയർ ,എൽ.എസ് .ജി.ഡി | 01-04-2020 | 31-03-2021 |
| ഡോ. ഷീന പീറ്റർ | മെഡിക്കൽ ഓഫീസർ, ഗവ. ആയുർവേദ ഡിസ്പെൻസറി | 01-04-2020 | 04-03-2021 |
| ഡോ. ദിവ്യ എസ് കുമാർ | മെഡിക്കൽ ഓഫീസർ, ഗവ. ആയുർവേദ ഡിസ്പെൻസറി | 05-03-2021 | 31-03-2021 |
| ഡോ. രവികുമാർ | മെഡിക്കൽ ഓഫീസർ, ഗവ. ഹോമിയോ ഡിസ്പെൻസറി | 01-04-2020 | 31-03-2021 |
| ഡോ. പ്രദീപ് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2020 | 31-03-2021 |
| ശ്രീ. ദിനു | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീ. രാജേഷ് പി ജെ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ. രഞ്ജിത്ത് ആർ | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി ഷീല ഐ. ജി. | ഹെഡ് മിസ്ട്രസ് | 01-04-2020 | 31-03-2021 |
| ശ്രീമതി പാർവതി കൃഷ്ണൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 02-11-2020 |
| ശ്രീമതി സുബി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 03-11-2020 | 31-03-2021 |
| ശ്രീമതി സുമ | ഡയറിഫാം ഇൻസ്ട്രക്ടർ | 01-04-2020 | 28-02-2021 |
| ശ്രീമതി സിംന | ഡയറിഫാം ഇൻസ്ട്രക്ടർ | 01-03-2021 | 31-03-2021 |

ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: AnilKumar R (Senior Grade Auditor, On 04-06-2022)<br>Last Updated By: Reni L.S. (Computer Assistant, On 30-06-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: AnilKumar R (Senior Grade Auditor, On 04-06-2022)<br>Last Updated By: Reni L.S. (Computer Assistant, On 20-06-2022) | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ<br>Written By: AnilKumar R (Senior Grade Auditor, On 04-06-2022)<br>Last Updated By: Reni L.S. (Computer Assistant, On 23-06-2022) | 1-2-1 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: AnilKumar R (Senior Grade Auditor, On 04-06-2022)<br>Last Updated By: Reni L.S. (Computer Assistant, On 30-06-2022) | 1-3 |
| 5 | പദ്ധതി അവലോകനം<br>Written By: AnilKumar R (Senior Grade Auditor, On 04-06-2022)<br>Last Updated By: Reni L.S. (Computer Assistant, On 30-06-2022) | 1-4 |
| 6 | ക്ഷേമ പദ്ധതികൾ<br>Written By: Renjith C (Auditor, On 20-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 23-06-2022) | 1-5 |
| 7 | പെൻഷൻ വാങ്ങിയിരുന്ന വ്യക്തികൾക്ക് മരണ ശേഷവും പെൻഷൻ നൽകി<br>Written By: Renjith C (Auditor, On 22-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 30-06-2022) | 1-5-1 |
| 8 | മരണപ്പെട്ട വ്യക്തിയുടെ പെൻഷൻ തുക ക്രമ വിരുദ്ധമായി സഹകരണ ബാങ്കിന് കൈമാറി<br>Written By: Renjith C (Auditor, On 22-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 22-06-2022) | 1-5-2 |
| 9 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Renjith C (Auditor, On 20-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 22-06-2022) | 1-6 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Sindhulabeevi.M (Audit Officer (HG), On 19-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 30-06-2022) | 1-7 |
| 11 | തൊഴിലുറപ്പ് പദ്ധതി<br>Written By: AnilKumar R (Senior Grade Auditor, On 04-06-2022)<br>Last Updated By: Reni L.S. (Computer Assistant, On 30-06-2022) | 1-8 |
| 12 | ആദായനികുതി കുറവ് വരുത്തിയിട്ടില്ല<br>Written By: AnilKumar R (Senior Grade Auditor, On 04-06-2022)<br>Last Updated By: Reni L.S. (Computer Assistant, On 30-06-2022) | 1-8-1 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sindhulabeevi.M (Audit Officer (HG), On 31-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 22-06-2022) | 1-9 |
| 14 | റദ്ദ് ചെയ്ത രസീതുകൾ സൂക്ഷിക്കുന്നതിൽ നടപടിക്രമം പാലിച്ചിട്ടില്ല<br>Written By: Renjith C (Auditor, On 22-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 30-06-2022) | 1-10 |
| 15 | സ്രോതസ്സിൽ നിന്നും ആദായനികുതി കുറവ് വരുത്തിയിട്ടില്ല.<br>Written By: AnilKumar R (Senior Grade Auditor, On 04-06-2022)<br>Last Updated By: Reni L.S. (Computer Assistant, On 22-06-2022) | 1-11 |
| 16 | കേന്ദ്രവിഹിതം ചെലവഴിക്കാതെ അവശേഷിക്കുന്നു- അങ്കണവാടികളുടെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കേണ്ടതാണ് | 1-12 |

| | | |
|---|---|---|
| | Written By: AnilKumar R (Senior Grade Auditor, On 04-06-2022)<br>Last Updated By: Reni L.S. (Computer Assistant, On 22-06-2022) | |
| 17 | ആഡിറ്റോറിയങ്ങളുടെ വരവ് സംബന്ധമായ രേഖകൾ ഹാജരാക്കിയില്ല.<br>Written By: Renjith C (Auditor, On 21-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 22-06-2022) | 1-13 |
| 18 | റേഷൻകടകളിൽ നിന്നും ലൈസൻസ്,തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല.<br>Written By: Renjith C (Auditor, On 21-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 22-06-2022) | 1-14 |
| 19 | കെ.എസ്.ഇ.ബി ഓഫീസിൽ നിന്നും വാടക ഈടാക്കുന്നില്ല.<br>Written By: Renjith C (Auditor, On 21-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 22-06-2022) | 1-15 |
| 20 | തൊഴിൽ നികുതി - അപാകങ്ങൾ<br>Written By: Renjith C (Auditor, On 21-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 22-06-2022) | 1-16 |
| 21 | തൊഴിൽ നികുതി കൃത്യമായി ഈടാക്കിയിട്ടില്ല.<br>Written By: Renjith C (Auditor, On 21-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 22-06-2022) | 1-16-1 |
| 22 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.<br>Written By: Renjith C (Auditor, On 21-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 22-06-2022) | 1-16-2 |
| 23 | കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല<br>Written By: Renjith C (Auditor, On 21-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 22-06-2022) | 1-16-3 |
| 24 | വസ്തു നികുതി-അപാകങ്ങൾ<br>Written By: Renjith C (Auditor, On 22-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 22-06-2022) | 1-17 |
| 25 | മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ഹാജരാക്കിയില്ല<br>Written By: Renjith C (Auditor, On 22-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 22-06-2022) | 1-18 |
| 26 | ബേസിക് ഡാറ്റ രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്<br>Written By: Renjith C (Auditor, On 22-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 30-06-2022) | 1-19 |
| 27 | പദ്ധതികൾ ആവിഷ്കരിക്കുന്നതിലും നടപ്പിലാക്കുന്നതിലും കുറവ്<br>Written By: Renjith C (Auditor, On 22-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 30-06-2022) | 1-20 |
| 28 | എസ്റ്റിമേറ്റുകൾ റിവൈസ് ചെയ്യേണ്ട സാഹചര്യം ഒഴിവാക്കേണ്ടതാണ്.<br>Written By: Sindhulabeevi.M (Audit Officer (HG), On 30-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 30-06-2022) | 1-21 |
| 29 | ഷ്രെഡഡ്പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>Written By: Sindhulabeevi.M (Audit Officer (HG), On 30-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 30-06-2022) | 1-22 |
| 30 | അനിവാര്യമായ രേഖകളുടെ അഭാവത്തിൽ ചെലവ് തുക 2605359/-രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Justin Raj T.S (Senior Grade Auditor, On 28-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 30-06-2022) | 1-23 |
| 31 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല; 376166/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Justin Raj T.S (Senior Grade Auditor, On 28-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 22-06-2022) | 1-24 |
| 32 | സംയുക്ത പരിശോധന നടത്തി പൊതു ടാപ്പുകളുടെ കണക്കെടുക്കാതെ വെള്ളക്കരം ഒടുക്കി<br>Written By: Justin Raj T.S (Senior Grade Auditor, On 28-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 22-06-2022) | 1-25 |

| | | |
|---|---|---|
| 33 | പദ്ധതി നിർവ്വഹണം സംബന്ധിച്ച രേഖകൾ ഹാജരാക്കിയില്ല; 1900000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Justin Raj T.S (Senior Grade Auditor, On 28-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 22-06-2022) | 1-26 |
| 34 | ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്<br>Written By: Justin Raj T.S (Senior Grade Auditor, On 28-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 30-06-2022) | 1-27 |
| 35 | കടത്ത് പരിപാലനത്തിലെ അപാകതകൾ<br>Written By: Justin Raj T.S (Senior Grade Auditor, On 28-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 30-06-2022) | 1-28 |
| 36 | വാഹന പരിപാലനത്തിലെ അപാകതകൾ<br>Written By: Justin Raj T.S (Senior Grade Auditor, On 28-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 22-06-2022) | 1-29 |
| 37 | ലോഗ്ബുക്ക് പരിപാലനത്തിലെ അപാകതകൾ<br>Written By: Justin Raj T.S (Senior Grade Auditor, On 28-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 22-06-2022) | 1-30 |
| 38 | അമൃതം ന്യൂട്രിമിക്സിന്റെ ഗുണനിലവാരം ഉറപ്പു വരുത്തിയിട്ടില്ല<br>Written By: AnilKumar R (Senior Grade Auditor, On 04-06-2022)<br>Last Updated By: Reni L.S. (Computer Assistant, On 22-06-2022) | 1-31 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: AnilKumar R (Senior Grade Auditor, On 02-06-2022)<br>Last Updated By: Reni L.S. (Computer Assistant, On 22-06-2022) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: AnilKumar R (Senior Grade Auditor, On 02-06-2022)<br>Last Updated By: Reni L.S. (Computer Assistant, On 22-06-2022) | 4-2 |
| 3 | മൊബലൈസേഷൻ അഡ്വാൻസ്<br>Written By: Sindhulabeevi.M (Audit Officer (HG), On 31-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 22-06-2022) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: AnilKumar R (Senior Grade Auditor, On 02-06-2022)<br>Last Updated By: Reni L.S. (Computer Assistant, On 22-06-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങളുടെ വിവരം<br>Written By: Sindhulabeevi.M (Audit Officer (HG), On 31-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 22-06-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി വിവരങ്ങൾ<br>Written By: Sindhulabeevi.M (Audit Officer (HG), On 31-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 22-06-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Sindhulabeevi.M (Audit Officer (HG), On 31-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 23-06-2022) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Sindhulabeevi.M (Audit Officer (HG), On 31-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 22-06-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: AnilKumar R (Senior Grade Auditor, On 04-06-2022)<br>Last Updated By: Reni L.S. (Computer Assistant, On 23-06-2022) | 4-9 |

| | | |
|---|---|---|
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം<br>Written By: Sindhulabeevi.M (Audit Officer (HG), On 31-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 30-06-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

18.03.20ലെ 1(1) നമ്പർ തീരുമാനപ്രകാരം 2020-21 സാമ്പത്തിക വർഷത്തെ ബജറ്റ് അംഗീകരിച്ചു. മുന്നിരിപ്പുൾപ്പടെയുള്ള പ്രതീക്ഷിത വരവ് 282963000/-രൂപയും പ്രതീക്ഷിത ചെലവ് 285486300/-രൂപയുമാണ്. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 17.02.2021-ലെ 1(1) നമ്പർ തീരുമാന പ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| വാർഷിക ധനകാര്യ പത്രിക ലഭിക്കേണ്ട തീയതി | വാർഷിക ധനകാര്യ പത്രിക ലഭിച്ച തീയതി |
|---|---|
| 31.07.2021 | 20.07.2021 |

## 1-2-1 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

1) ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം വരവിനേക്കാൾ കൂടുതൽചെലവ് ബുക്ക് ചെയ്തിരിക്കുന്നു. (വരവ് 212612601 ചെലവ് 220829239/-)

2) വാർഷിക അനുപാതങ്ങൾ , നോട്ട്സ് ഓൺ അക്കൗണ്ട് എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

3) ജേണൽ വൗച്ചറുകൾ, കോൺട്രാ വൗച്ചറുകൾ എന്നിവ തയ്യാറാക്കി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കേണ്ടതാണ്, എന്നാൽ ലഭ്യമാക്കിയിട്ടില്ല.

4) ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ Net Cash Generated (2807925) എന്നത് Net Increase/decrease In Cash And Cash Equivalents() ുമായി പൊരുത്തപ്പെടുന്നില്ല.

5) 2020-21 സാമ്പത്തിക വർഷത്തിൽ നടത്തിയ ഇ ടെണ്ടറിൽ നിന്നുള്ള ഫാറവില യിൽ ലഭ്യമായ തുക ഗ്രാമപഞ്ചായത്തിനു ലഭിക്കുവാനുള്ള തുകയായി വാർഷിക കണക്കുകളിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

6) ബി-7 പ്രകാരമുള്ള ഡെപ്പോസിറ്റ് തുകകളുടെ നീക്കിയിരുപ്പ് തുക രജിസ്റ്ററിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ഇനം | ധനകാര്യപത്രിക പ്രകാരം | രജിസ്റ്റർ പ്രകാരം |
|---|---|---|
| Suppliers EMD | 13000 | 2000 |
| Bidders EMD | 95900 | 72330 |
| Suppliers Security Deposit | 15650 | 4300 |
| Bidders Security Deposit | 13500 | 11000 |
| Contractors Retention | 9347 | 0 |
| Other Deposit | 19100 | 3000 |
| Rent Deposit | 15500 | 0 |
| Auction Deposit | 66277 | 12000 |

ഡെപ്പോസിറ്റ് രജിസ്റ്റർ സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

7) B18 ൽ ഉൾപ്പെടുത്തിയിരിക്കുന്ന ഡെപ്പോസിറ്റ് ഇനങ്ങളിലെ, (വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി, ഭൂജലവകുപ്പ്) രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

8) Advance To Others, Advance To Implementing Officers എന്നീയിനങ്ങളിൽ ധനകാര്യപത്രികയിലെ വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല

| ഇനം | വർഷാദ്യം തിരികെ ലഭിക്കാനുണ്ടായിരുന്ന തുക | തൻവർഷം നൽകിയ തുക (ധനകാര്യ പത്രിക പ്രകാരം) | തൻവർഷം തിരികെ ലഭിച്ച തുക | വർഷാവസാനം തിരികെ ലഭിക്കാനുള്ള തുക (ധനകാര്യപത്രിക പ്രകാരം) | വ്യത്യാസം |
|---|---|---|---|---|---|
| Advance To Others, | 783061 | 1504340 | 0 | 615389 | 1672012 |
| Advance To Implementing Officers | 130000 | 193327 | 0 | 232375 | 90952 |

9) ഗ്രാമപഞ്ചായത്തിലെ ദിവസവേതന, പാർട്ട് ടൈം, കരാർ ജീവനക്കാർ, ജനപ്രതിനിധികളുടെ ഓണറേറിയം, സിറ്റിംഗ് ഫീസ് എന്നിവരുടെ മാർച്ച് 2021-ലെ ചെലവുകൾക്ക് ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

10) എം.ജി.എൻ.ആർ.ഇ.ജി.എസ്-ഭരണചെലവുകൾ (1673434 +1013000(ഇൻസെന്റീവ്) വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. പകരം 1422/-ആണ് ഉൾപ്പെടുത്തിയത്.

11) ഹഡ്കോ, ഇ.എം.എസ് വായ്പ രജിസ്റ്റർ എന്നിവ പരിപാലിച്ചിട്ടില്ല. ആയതിനാൽ വാർഷിക ധനകാര്യപത്രികയിലെ തുകകൾ പരിശോധിച്ച് ഉറപ്പ് വരുത്താൻ കഴിഞ്ഞില്ല.

12) ഫെഡറൽ ബാങ്ക് തനത് ഫണ്ടിന്റെ മാർച്ച് 2021 ലെ റീകൺസിലിയേഷൻ പത്രിക പ്രകാരം കാലാവധി കഴിഞ്ഞ 5097/- രൂപയുടെ ചെക്കുകളുടെ (Cheque Issued But Not Presented In To Bank) വിവരം ചുവടെ ചേർക്കുന്നു. പ്രസ്തുത ചെക്കുകൾ Stale Cheque എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ചെക്ക് നം | തീയതി | തുക |
|---|---|---|
| 161893 | 07.01.2020 | 1439 |
| 161886 | 22.11.2019 | 171 |
| 161886 | 22.11.2019 | 177 |
| 161886 | 22.11.2019 | 177 |
| 161886 | 22.11.2019 | 848 |
| 161886 | 22.11.2019 | 143 |
| 161886 | 22.11.2019 | 1032 |

| | | |
|---|---|---|
| 161852 | 22.05.2019 | 720 |
| 161562 | 08.11.2018 | 195 |
| 161652 | 08.11.2018 | 195 |

13) അമ്പൂരി സർവ്വീസ് സഹകരണ ബാങ്ക് തനത് ഫണ്ടിന്റെ മാർച്ച് 2021 ലെ റീകൺസിലിയേഷൻ പത്രിക പ്രകാരം കാലാവധി കഴിഞ്ഞ 12936/- രൂപയുടെ ചെക്കുകളുടെ. (Cheque Issued But Not Presented In To Bank) വിവരം ചുവടെ ചേർക്കുന്നു. പ്രസ്തുത ചെക്കുകൾ Stale Cheque എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ചെക്ക് നം | തീയതി | തുക |
|---|---|---|
| 4720 | 20.08.2020 | 2300 |
| 3599 | 06.03.2020 | 2100 |
| 1825131 | 02.12.2019 | 4600 |
| 3070 | 18.01.2019 | 558 |
| 000910 | 23.07.2018 | 1500 |
| 000981 | 14.09.2018 | 253 |
| 3333 | 27.03.2019 | 1625 |

14) MP LADS എന്ന അക്കൗണ്ട് ധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ല. പ്രസ്തുത അക്കൗണ്ട് ക്ലോസ് ചെയ്തതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

15) I-18 Prior Period Items – 280100104, 280200401 Property Tax On Non Residential Buildings, Prior Period Incomeഎന്നീഹെഡുകളിൽ യഥാക്രമം 5975/-, 121820/--രൂപ കുറവു ചെയ്തിട്ടുണ്ട്. പ്രസ്തുത ട്രാൻസാക്ഷനുമായി ബന്ധപ്പെട്ട രേഖകൾ, ഭരണസമിതി തീരുമാനം എന്നിവ ലഭ്യമാക്കേണ്ടതാണ്.

16) 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ ചട്ടം 5 പ്രകാരം ഓരോ ദിനാന്ത്യത്തിലും സെക്രട്ടറി കാഷ്ബുക്കിലെ രേഖപ്പെടുത്തലുകളും നീക്കിയിരുപ്പും പരിശോധിച്ച് ക്യാഷ് ബുക്ക് സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. ഇപ്രകാരം ക്യാഷ് ബുക്ക് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

17) ഐ.സി.ഡി.എസ് - നീക്കിയിരുപ്പ് തുക (1356742) ധനകാര്യപത്രികയിലെ തുകയുമായി (1356648)പൊരുത്തപ്പെടുന്നില്ല

ഇ.എം.എസ് ഭവനപദ്ധതി – വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള നീക്കിയിരുപ്പ് തുക(606678) രജിസ്റ്ററിലെ തുകയുമായി (193720) പൊരുത്തപ്പെടുന്നില്ല.

18) മുൻവർഷ ധനകാര്യപത്രിക ബി-18 പ്രകാരം Advance To Implementing Agencies -Deposit With PWD(460500205) എന്നയിനത്തിൽ 113000/- രൂപ നാളിതുവരെ ക്രമീകരിക്കാത്തതിന്റെ വിവരവും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

19) സുലേഖ ചെലവ് പത്രിക പ്രകാരം കെ.എസ്.ഇ.ബി-ക്ക് 58585/- രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. (പ്രോജക്ട് നം-30/21- 22759/-, 239/21 - 35826/-) എന്നാൽ ധനകാര്യപത്രിക പ്രകാരം 22759/- രൂപയാണ്. പ്രസ്തുത വ്യത്യാസം ക്രമീകരിക്കേണ്ടതാണ്.

20) സുലേഖ ചെലവ് പത്രിക പ്രകാരം വാട്ടർ അതോറിറ്റിക്ക് 2564600/- രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ധനകാര്യപത്രിക പ്രകാരം 1667300/- രൂപയാണ്. പ്രസ്തുത വ്യത്യാസം ക്രമീകരിക്കേണ്ടതാണ്.

## 1-3 ഗ്രാന്റ് വിനിയോഗം

വിവിധ ഗ്രാന്റുകളുടെ എ.സി.ആർ പ്രകാരമുള്ള ചെലവ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല

1. വിവിധ ഗ്രാന്റുകളുടെ എ.സി.ആർ പ്രകാരമുള്ള ചെലവ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ

| ഇനം | ചെലവ് തുക | |
|---|---|---|
| | എ.സി.ആർ പ്രകാരം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം |
| വികസന ഫണ്ട് (ജനറൽ) | 11010917 | 13817411 |
| വികസന ഫണ്ട് (എസ്.സി.പി) | 1263817 | 1278444 |
| വികസന ഫണ്ട് (ടി.എസ്.പി) | 1669500 | 2079068 |
| മെയിന്റനസ് ഫണ്ട് (നോൺ റോഡ്) | 3886447 | 3929921 |

2. 2020-21 -ൽ വിവിധ ഗ്രാന്റിനത്തിൽ ലഭ്യമായ തുകകളിൽ ചെലവഴിക്കാതെ ലാപ്സായതായികാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | അലോട്ട്മെന്റ് | ചെലവ് തുക എ.സി.ആർ പ്രകാരം | ചെലവ് തുക ഗ്രാന്റ് സ്റ്റേറ്റ് മെന്റ് പ്രകാരം | 2020-21 ലെ ക്യ ബിൽ തുക /ലാപ്സായതുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | 13825000 | 11010917* | 13817411 | 7589 | 99.94 |
| വികസന ഫണ്ട് (എസ്.സി.പി) | 2095000 | 1263817** | 1278444 | 816556 | 61 |
| വികസന ഫണ്ട് (.ടി.എസ്.പി | 2375000 | 1669500*** | 2079068 | 295932 | 87 |
| സി.എഫ്.സി (Untied) | 8301441 | 7395433 | 7395433 | 906008 | 89 |
| സി.എഫ്.സി (Tied) | 6050000 | 3799256 | 3799256 | 2250744 | 63 |
| മെയിന്റനസ് ഫണ്ട് (റോഡ്) | 16101000 | 16061621 | 3218990 | 39379 | 99.75 |
| മെയിന്റനസ് ഫണ്ട് (റോഡിതരം) | 4298000 | 3886447**** | 3929921 | 368079 | 91 |

*സുലേഖ ചെലവ് പത്രിക, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവപ്രകാരം ചെലവ് 13817411/-

* *സുലേഖ ചെലവ് പത്രിക, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവപ്രകാരം ചെലവ് 1278444/-

***സുലേഖ ചെലവ് പത്രിക, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവപ്രകാരം ചെലവ് 2079068/-

****സുലേഖ ചെലവ് പത്രിക, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവപ്രകാരം ചെലവ് 3929921/

സ.ഉ(കൈ)നം.11/2018/lsgd Dated 29.1.2018 ഖണ്ഡിക 6.2.1പ്രകാരം പട്ടികജാതി ഉപപദ്ധതി വിഹിതം പാഴാക്കാനോ വകമാറ്റി ചെലവഴിക്കാനോ പാടില്ല.എന്നാൽ തൻവർഷം ലഭിച്ച തുകയിൽ 61% തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

3) കേന്ദ്രാവിഷ്കൃത ഫണ്ട്, സംസ്ഥാനാവിഷ്കൃത ഫണ്ട് എന്നിവയുടെ വരവുകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

4) ഉല്പാദന, സേവന, പശ്ചാത്തല, വനിതാഘടക പദ്ധതി മേഖലകളിൽ വകയിരുത്തുന്ന തുകകൾ പൂർണ്ണമായും ചെലവഴിച്ചിട്ടില്ല. വിശദാംശം ചുവടെ

| ഫണ്ടിനം | മേഖല | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|---|
| പൊതു വിഭാഗം | ഉല്പാദനം | 5025720 | 2105457 | 42 |
| | സേവനം | 15599600 | 11220752 | 72 |
| | പശ്ചാത്തലം | 591376 | 491202 | 83 |
| പട്ടിക ജാതി വിഭാഗം | ഉല്പാദനം | 670000 | 55000 | 8 |
| | സേവനം | 1439627 | 764627 | 53 |
| | പശ്ചാത്തലം | 463600 | 458817 | 99 |
| പട്ടിക വർഗ്ഗ വിഭാഗം | ഉല്പാദനം | 950500 | 435500 | 46 |
| | സേവനം | 2054568 | 1643568 | 80 |
| | സേവനം | 7129988 | 4363911 | 61 |
| | പശ്ചാത്തലം | 7091012 | 6830778 | 96 |
| വനിതാഘടക പദ്ധതി | | 1598500 | 926684 | 58 |

സ.ഉ(കൈ)നം.11/2018/lsgd Dated 29.1.2018 ഖണ്ഡിക 5.4.10പ്രകാരം വികസനഫണ്ട് സാധാരണ വിഹിതം,എസ്.സി.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് 10% വനിതാഘടകപദ്ധതിക്ക് വകയിരുത്തണം.എന്നാൽ ഇത്തരത്തിൽ തുക വകയിരുത്തിയിട്ടില്ല. പ്രസ്തുത അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം 13/2022ന് മറുപടി ലഭ്യമാക്കിയിട്ടില്ല.പദ്ധതി മാർഗ്ഗരേഖ അനുശാസിക്കും പ്രകാരം ഗ്രാന്റുകൾ വകയിരുത്തുന്നതിനും വകയിരുത്തുന്ന ഗ്രാന്റുകൾ ഫലപ്രദമായി വിനിയോഗിക്കുന്നുണ്ടെന്നുറപ്പ് വരുത്തുന്നതിനും, ഗ്രാന്റുകൾ പാഴാകാതിരിക്കുന്നതിനും ഉള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 220 | 113395968 | 170 | 54310168 | 0 | 50 | 77 |

തൻവർഷം 77% പദ്ധതികൾ പൂർത്തീകരിച്ചുവെങ്കിലും വിവിധ പദ്ധതികൾക്കായി വകയിരുത്തിയ ഫണ്ടിന്റെ 48% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. പദ്ധതി വിഹിതം പൂർണമായും ഫലപ്രദമായും വിനിയോഗിക്കുന്നതിന് പ്രാമുഖ്യം നൽകേണ്ടതാണ്.

## 1-5 ക്ഷേമ പദ്ധതികൾ

2020-21 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശം

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 44520 | 64 |
| കർഷക തൊഴിലാളി പെൻഷൻ | 3535200 | 1826 |
| വിധവാ പെൻഷൻ | 19870200 | 9952 |
| വാർധക്യകാല പെൻഷൻ | 40115100 | 20860 |
| വികലാംഗ പെൻഷൻ | 7187500 | 3495 |
| വിവാഹ ധനസഹായം | 0 | 0 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 295500 | 139 |

## 1-5-1 പെൻഷൻ വാങ്ങിയിരുന്ന വ്യക്തികൾക്ക് മരണ ശേഷവും പെൻഷൻ നൽകി

അമ്പൂരി പഞ്ചായത്തിലെ ഏതാനും മരണ രജിസ്ട്രേഷൻ അപേക്ഷകൾ സേവന സോഫ്റ്റ്‌വെയറിൽ പരിശോധിച്ചതിൽ പെൻഷൻ വാങ്ങിയിരുന്ന വ്യക്തികൾക്ക് മരണപ്പെട്ടതിന് ശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി കണ്ടെത്തി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പെൻഷണറുടെ പേര് | പെൻഷൻ ഐ ഡി | പെൻഷൻ ഇനം | മരണപ്പെട്ട തീയതി | ഏതു മാസം വരെ പെൻഷൻ നൽകിയിരിക്കുന്നു | അധികമായി നൽകിയ തുക |
|---|---|---|---|---|---|---|
| 1 | P. ശശിധരൻ | 102900201030 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 29-02-2020 | October-2020 | 2440+5200+2800= 10440 |
| 2 | രാധമ്മ ബി | 102900200721 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 16-04-2020 | October-2020 | 6000+3000=9000 |
| 3 | വിശാലാക്ഷി ഡി | 102900201554 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 10-08-2020 | October-2020 | 2800 |

| | | | | | | |
|---|---|---|---|---|---|---|
| 4 | സുധാകരൻ | 102900200245 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 2-11-2020 | December-2020 | 1500 |
| 5 | എ. ബേബി | 102900200136 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 28-12-2020 | January-2021 | 1500 |
| 6 | തങ്കമ്മ പി | 102900100179 | കർഷക തൊഴിലാളി പെൻഷൻ | 22-01-2021 | May-2021 | 3000+3200= 6200 |
| 7 | മണിയൻ എൽ | 102900201285 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 29-03-2021 | May-2021 | 3200 |
| 8 | ലളിത റ്റി | 102900100348 | കർഷക തൊഴിലാളി പെൻഷൻ | 26-04-2021 | June-2021 | 3200 |

ക്രമ നം. 6 ലെ ഗുണഭോക്താവിന് " ഡയറക്റ്റ് ടു ഹോം " എന്ന നിലയിലാണ് പെൻഷൻ നൽകി വന്നിരുന്നത്. ടി വ്യക്തി മരണപ്പെട്ടിട്ടും പെൻഷൻ യഥാ സമയം സസ്പെൻഡ് ചെയ്യാതെ 4 മാസത്തോളം തുക കൈമാറിയിട്ടുണ്ട്. മരണശേഷവും പെൻഷൻ അനുവദിച്ച് നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 24 ന മറുപടി നൽകിയിട്ടില്ല. ധനകാര്യവകുപ്പിന്റെ 05.11.20-ലെ സർക്കുലർ നമ്പർ 67/20 പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തികനഷ്ടം ഉണ്ടായാൽ പ്രസ്തുത തുക ഈടാക്കുന്നതിന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ആയതിനാൽ അധികമായി നൽകിയിട്ടുള്ള പെൻഷൻ തുക സംബന്ധിച്ച് തുടർനടപടികൾ സ്വീകരിച്ച് ഈടാക്കേണ്ടതാണ്. മരണപ്പെട്ട മുഴുവൻ വ്യക്തികളെയും ക്ഷേമ പെൻഷൻ പരിധിയിൽ നിന്നൊഴിവാക്കാൻ വേണ്ട നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 1-5-2 മരണപ്പെട്ട വ്യക്തിയുടെ പെൻഷൻ തുക ക്രമ വിരുദ്ധമായി സഹകരണ ബാങ്കിന് കൈമാറി

തങ്കമ്മ എൻ (പെൻഷണർ ഐ.ഡി :102860201315) എന്ന വ്യക്തി ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ ഗുണഭോക്താവാണ്. ടി വ്യക്തി 14-01-2021 ഇൽ മരണപ്പെട്ടു. (മരണ രജിസ്ട്രേഷൻ രേഖകൾ പ്രകാരം). എന്നാൽ സേവന സോഫ്റ്റ്‌വെയറിൽ ഉൾപ്പെട്ടിട്ടുള്ള വിവരങ്ങൾ പ്രകാരം നാളിതുവരെ പെൻഷൻ Suspend ചെയ്തിട്ടില്ല. 2017 ജനവരി മുതൽ ഡിസംബർ 2020 വരെ "ഡയറക്റ്റ് റ്റു ഹോം" ആയി പ്രസ്തുത വ്യക്തിക്ക് പെൻഷൻ തുക കൈമാറിയിട്ടുണ്ട്. 2021 ജനവരി മുതൽ മെയ് മാസം വരെ തുക കൈമാറാൻ സാധിച്ചിട്ടില്ല. Door Closed എന്നാണ് ഇതിന് കാരണമായി രേഖപ്പെടുത്തിയിട്ടുള്ളത്. 2021ജൂൺ മുതൽ 2022 ഏപ്രിൽ വരെ "തുക സഹകരണ ബാങ്കിന് കൈമാറി" എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. അപേക്ഷകയുമായി ബന്ധപ്പെട്ട ഏതെങ്കിലും ബാങ്ക് അക്കൗണ്ടിലാണ് തുക നിക്ഷേപിച്ചിട്ടുള്ളത് എന്ന ബോധ്യപ്പെടുത്തുന്ന വിവരങ്ങളൊന്നും ലഭ്യമല്ല. ഏത് സഹകരണ ബാങ്കിനാണ് തുക കൈമാറിയത് എന്നതും വ്യക്തമല്ല. 1600/- രൂപ വീതം ആകെ 17600/- രൂപ നാളിതുവരെ സഹകരണ ബാങ്കിന്

കൈമാറിയിരിക്കുന്നു. മരണപ്പെട്ട വ്യക്തിയുടെ പെൻഷൻ സസ്പെൻഡ് ചെയ്യാതെ തുക സഹകരണ ബാങ്കിന് കൈമാറിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 24 ന മറുപടി നൽകിയിട്ടില്ല. തുക മുഴുവനായി തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ ധരിപ്പിക്കേണ്ടതാണ്.

## 1-6 ക്യാഷ് ബാലൻസ് പരിശോധന

അന്നൂരി ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16-05-2022 തീയതിയിൽ രാവിലെ 12.40പി.എം. സമയത്ത് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ഡേ ബുക്ക് പ്രകാരം 1936/- രൂപയുടെ വരവ് ലഭിച്ചിട്ടുണ്ട്. എന്നാൽ ക്യാഷ് കൗണ്ടറിൽ 2004/- രൂപ സൂക്ഷിച്ചിരിക്കുന്നു. 68/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. തനത് ദിവസം നടക്കുന്ന ഇടപാടിനേക്കാൾ കൂടുതലോ കുറവോ തുക നീക്കിയിരിപ്പായി ഉണ്ടാകാൻ പാടില്ല . ഡേ ബുക്കിനു അനുസൃതമായി പണം നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പാക്കേണ്ടതാണ്.

## 1-7 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ചുവടെ പറയുന്ന വിഷയങ്ങളിൽ കൂടി ശ്രദ്ധിക്കേണ്ടതാണ്.

1) ഗ്രാമ പഞ്ചായത്ത് ഫ്രണ്ട് ഓഫീസിൽ ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല.
2) വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഗുണഭോക്താക്കളുടെ മരണശേഷവും വിതരണം ചെയ്യുന്നില്ലായെന്ന് ഉറപ്പുവരുത്തണം.

3) ഗ്രാമ പഞ്ചായത്തിൽ എഴുതി സൂക്ഷിക്കുന്ന വിവിധ രജിസ്റ്ററുകളുടെയും മിനിട്സ് ബുക്കുകളുടെയും പരിപാലനത്തിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

4) ഓഡിറ്റ് റിപ്പോർട്ട് രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതും തുടർനടപടി വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തേണ്ടതുമാണ്.
5) ഇൻകമ്പൻസി രജിസ്റ്റർ പരിപാലിക്കേണ്ടതാണ്.
6) ഗ്രാമ പഞ്ചായത്തിന് വരവിനത്തിൽ ലഭിക്കേണ്ട തുകകൾ കൃത്യമായി പിരിച്ചെടുത്ത് തനത് വരുമാനം വർദ്ധിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
7) വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികളിൽ മോണിറ്ററിംഗിന്റെ അഭാവം കാണുന്നു. പ്രോജക്ടുകളുടെ ലക്ഷ്യം കൈവരിക്കുന്നതിന് കാലതാമസം നേരിടുകയോ, ഭംഗം ഉണ്ടാവുകയോ ഇതുമൂലം സംഭവിക്കുന്നു. മോണിട്ടറിംഗ് മെച്ചപ്പെടുത്തുന്നതിന് വിവിധ വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാൻഡിംഗ് കമ്മിറ്റികളും ശ്രദ്ധിക്കേണ്ടതാണ്.

8) ഗുണഭോക്തൃ തെരഞ്ഞെടുപ്പ് സംവിധാനം കുറ്റമറ്റതാക്കേണ്ടതുണ്ട്. ഏറ്റവും അർഹരായവർക്ക് തന്നെയാണ് ആനുകൂല്യം ലഭ്യമാകുന്നതെന്ന് ഉറപ്പാക്കാനുതകുന്ന നടപടിക്രമം പദ്ധതി മാർഗ്ഗരേഖയുടെ ഖണ്ഡിക 11.3ൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ നടപടിക്രമം കർശനമായി പാലിക്കേണ്ടതും ആയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

9) പുതുതായി ആർജിക്കുന്ന ആസ്തികൾ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

10) ആസ്തി സംരക്ഷണ പദ്ധതി നടപ്പാക്കേണ്ടതാണ്.

## 1-8 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1422 | 2688603* | 2690025 | 2686434** | 3591 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 90608754 | 90608754 | 90608754 | 0 |
| ആകെ | 1422 | 93297357 | 93298779 | 93295188 | 3591 |

*1013000/- രൂപ ഇൻസെന്റീവ് ഉൾപ്പെടെ.
**വാർഷിക ധനകാര്യപത്രിക RP16 പ്രകാരം ചെലവ് 1422/- എന്നാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത വ്യത്യാസം ക്രമീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-8-1 ആദായനികുതി കുറവ് വരുത്തിയിട്ടില്ല

1961 ലെ ആദായ നികുതിനിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000/- രൂപയിൽ കൂടുതൽ തുക കരാറുകാരന് പേമെന്റ് നടത്തുമ്പോൾ 1% തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതാണ്. എന്നാൽ പഞ്ചായത്ത് തൊഴിലുറപ്പ് പദ്ധതിപ്രകാരം നടപ്പിലാക്കിയ പ്രവൃത്തികളിൽ സാധനങ്ങൾ വാങ്ങിയ കാറുകാരന് നൽകിയ തുകയിൽ നിന്നും നികുതി ഈടാക്കിയതായി കാണുന്നില്ല.

വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | കരാറുക്കാരൻ | നൽകിയ തുക | ഈടാക്കേണ്ട തുക 1% |
|---|---|---|---|
| ഈശ്വരിക്കൽ റോഡ് കോൺക്രീറ്റ് | ധനേന്ദ്രൻ | 148740 | 1487 |
| ചീനിക്കാല കുന്നിൻപുറം നടപ്പാത കോൺക്രീറ്റ് | ധനേന്ദ്രൻ | 201648 | 2016 |
| കൊണ്ടകെട്ടിയിൽ നിന്നും മരപ്പാലം വരെയുള്ള റോഡ് കോൺക്രീറ്റ് | ധനേന്ദ്രൻ | 292470 | 2924 |
| ചാക്കേത്തോട്ടം മുതൽ നാങ്കുമണ്ണടി വരെ നടവഴി കോൺക്രീറ്റ് | ധനേന്ദ്രൻ | 341999 | 3419 |
| ലൂദർ മിഷൻ പള്ളി കോങ്കോട്ടുപ്പാറ തോട് പുനരുദ്ധാരണം | ധനേന്ദ്രൻ | 169552 | 1695 |
| ഇടവാച്ചൽ ചീലാന്തി ക്കുഴി റോഡ് കോൺക്രീറ്റ് | ആർ.ചന്ദ്രകുമാർ | 327169 | 3271 |
| കോങ്കോട്ടുപ്പാറ ഷെഡു നട തോട് പുനരുദ്ധാരണം | റോയി മാത്യു | 287515 | 2875 |
| കൂട്ടപ്പു മുതൽ തേമ്പാച്ചി വരെ റോഡ് കോൺക്രീറ്റ് | ആർ.ചന്ദ്രകുമാർ | 375461 | 3754 |
| പറത്തി മുതൽ ബൗണ്ടർ മുക്ക് വരെ നടപ്പാത കോൺക്രീറ്റ് | ആർ.ചന്ദ്രകുമാർ | 311266 | 3112 |
| തമ്പിക്കോണം മുതൽ വടക്കേക്കരവരെ നടപ്പാത കോൺക്രീറ്റ് | ആർ.ചന്ദ്രകുമാർ | 322191 | 3221 |
| കുറിച്ചി നാങ്കുമണ്ണടി | രഞ്ജിത്ത്.ആർ | 172798 | 1727 |
| പുല്ലുവിള തെക്കേ പന്ത റോഡ് നിർമ്മാണം | ആർ.ചന്ദ്രകുമാർ | 381648 | 3816 |
| ശൂരവകാണി മുതൽ കൊച്ചുഗ്രാമം വരെ റോഡ് കോൺക്രീറ്റ് | ആർ.ചന്ദ്രകുമാർ | 369891 | 3698 |
| പന്ത ഗ്രന്ഥശാല റോഡ് കോൺക്രീറ്റ് | റോയി മാത്യു | 307551 | 3075 |
| പന്ത പ്ലാമൂട് മുതൽ തൊണ്ടിച്ചിറ വരെ കോൺക്രീറ്റ് | റോയി മാത്യു | 327209 | 3272 |
| ചീനിക്കാലകുന്നിൻപുറം നടപ്പാത കോൺക്രീറ്റ് | ധനേന്ദ്രൻ | 282749 | 2827 |
| നെല്ലിക്കാമല മുതൽ കാവിൻപുറം വരെ നടപ്പാത കോൺക്രീറ്റ് | ബിജു | 87900 | 879 |

| | | | |
|---|---|---|---|
| വെള്ളരികുന്ന് മുതൽകരിമരം വരെ നടപ്പാത കോൺക്രീറ്റ് | ധനേന്ദ്രൻ | 314383 | 3143 |
| ചിറയക്കോട് മുതൽ കട്ടളപ്പാറ വരെ നടപ്പാത കോൺക്രീറ്റ് | ധനേന്ദ്രൻ | 264789 | 2647 |
| കണ്ടംതിട്ട കോളനി റോഡ് കോൺക്രീറ്റ് | രഞ്ജിത്ത്.ആർ | 215053 | 2150 |
| കുട്ടമല മുതൽ പുന്നക്കുന്ന് വരെ റോഡ് കോൺക്രീറ്റ് | രഞ്ജിത്ത്.ആർ | 364568 | 3645 |
| ആകെ | | | 58653 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.20/2022-ന് ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത തുക കരാറുകാരിൽ നിന്നും ഈടാക്കുന്നതാണെന്ന് അറിയിക്കുകയുണ്ടായി. കരാറുകാരിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് |
|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08/03/2022-10/03/2022 | 01/01/21-31/07/21 |
| അക്കൗണ്ടന്റ് ജനറൽ | 07/03/2014-20/03/2014 | 2008-2009 മുതൽ 2012-13 വരെ |

## 1-10 റദ്ദ് ചെയ്ത രസീതുകൾ സൂക്ഷിക്കുന്നതിൽ നടപടിക്രമം പാലിച്ചിട്ടില്ല

അസി. എഞ്ചിനീയറുടെ ടെൻഡർ ഫീ ഇനത്തിലുള്ള വരവ് സംബന്ധമായ രസീത് ബുക്കുകൾ പരിശോധന വിധേയമാക്കിയതിൽ 51679 ാം നം. രസീത് ബുക്കിലെ 28,47,59,95 എന്നീ നമ്പർ രസീതുകൾ “Cancelled” എന്നു രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രസ്തുത രസീതുകൾ ക്യാൻസൽ ചെയ്യാനുള്ള കാരണം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല എന്നും യഥാർത്ഥ രസീതിനൊപ്പം ടി രസീതിന്റെ പകർപ്പ് സൂക്ഷിച്ചിട്ടില്ല എന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്തെങ്കിലും കാരണവശാൽ രസീതുകൾ റദ്ദാക്കേണ്ട ആവശ്യം ഉണ്ടാവുകയാണെങ്കിൽ റദ്ദാക്കാനുള്ള കാരണം രേഖപ്പെടുത്തി യഥാർത്ഥ രസീതും തുക നൽകുന്ന ആൾക്ക്, പകരം നൽകുന്ന പ്രസ്തുത രസീതിന്റെ പകർപ്പും കൗണ്ടർഫോയിലിനൊപ്പം സൂക്ഷിക്കേണ്ടതുണ്ട്. ഇതിൽ വീഴ്ച വന്നതിനു കാരണമറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 28 ന "കാർബണുകൾ വച്ചതിലെ അപാകത കാരണമാകാം പതിയാതെ പോയത്. ഒറിജിനൽ ടി രസീത് ബുക്കിൽ ഉള്ളതിനാലാണ് കാർബൺ കണക്കാക്കാത്തത്. ഇനിയുള്ള ടെൻഡറുകളിൽ കൃത്യതയോടെ കാർബൺ പേപ്പർ നഷ്ടപ്പെടാതെ സൂക്ഷിക്കുന്നതാണ് " എന്നാണ് മറുപടി അറിയിച്ചിരിക്കുന്നത്. രസീതിന്റെ പകർപ്പ് സൂക്ഷിക്കാത്തതിന് കൃത്യമായ മറുപടി നൽകിയിട്ടില്ല. രസീതുകൾ റദ്ദ് ചെയ്യേണ്ടതായി വരുമ്പോൾ കൃത്യമായ നടപടി ക്രമങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. റദ്ദാക്കപ്പെട്ട രസീതുകൾ സംബന്ധിച്ച കൃത്യവും വ്യക്തവുമായ മറുപടി അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

## 1-11 സ്രോതസ്സിൽ നിന്നും ആദായനികുതി കുറവ് വരുത്തിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട്നം | 45/21 |
| പ്രോജക്ടിന്റെ പേര് | വൃദ്ധർക്ക് കട്ടിൽ(സ്പിൽ ഓവർ) |
| അടങ്കൽ തുക | 5,65,500/- |
| ചെലവ് തുക | 5,59,650/- |

| | |
|---|---|
| ബിൽ നം/തീ | 1/20-21 129150/-, 20.04.20, 2/20-21 - 430500/- 22.04.20 |

പ്രസ്തുത പ്രോജക്ട് നിർവ്വഹണത്തിനായി Jas Industries എന്ന സ്ഥാപനത്തിൽ നിന്നും 5,59,650/- രൂപ ചെലവഴിച്ച് 195 കട്ടിലുകൾ വാങ്ങിയിട്ടുണ്ട്.

1961 ലെ ആദായ നികുതിനിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000/- രൂപയിൽ കൂടുതൽ തുക കരാറുകാരന് പേമെന്റ് നടത്തുമ്പോൾ 1% തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതാണ്.പ്രസ്തുത വാങ്ങലിൽ നിന്നും ആദായ നികുതി ഈടാക്കിയിട്ടില്ല. പ്രസ്തുത അപാകത സംബന്ധിച്ച് നൽകിയ നൽകിയ ഓഡിറ്റ് അന്വേഷണം നം.16/22-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ആദായനികുതിയിനത്തിൽ ഈടാക്കേണ്ട തുകയായ 5596/- രൂപ Jas Industries എന്ന സ്ഥാപനത്തിൽ നിന്നും ഈടാക്കി അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 കേന്ദ്രവിഹിതം ചെലവഴിക്കാതെ അവശേഷിക്കുന്നു- അങ്കണവാടികളുടെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കേണ്ടതാണ്

അനുപൂരക പോഷകാഹാര പദ്ധതിയ്ക്ക് ലഭിച്ച കേന്ദ്രവിഹിതത്തിൽ തൻവർഷം 5,36,169/- രൂപ നീക്കിയിരിപ്പുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---:|
| മുന്നിരിപ്പ് | 11,16,426/- |
| വരവ് | 7,40,316/- |
| ആകെ | 18,56,742/- |
| ചെലവ് | 5,00,000/- |
| നീക്കിയിരുപ്പ് | 13,56,742/- |

സർക്കുലർ നമ്പർ 39033/ഡി.സി.2/2ത.സ്വ.ഭ.വ തിയതി 3-9-2010 പ്രകാരം പൂരകപോഷകാഹാര പരിപാടിക്കായി ലഭ്യമാക്കുന്ന കേന്ദ്രസഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ, സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണംനം.16/22-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ലക്ഷ്യങ്ങളിൽ ഒന്നായ എല്ലാ അങ്കണവാടികൾക്കും സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി വരും വർഷത്തെ പദ്ധതികളിൽ എല്ലാ അങ്കണവാടികൾക്കും സ്വന്തമായി വസ്തു ലഭ്യമാക്കി ചുറ്റുമതിലോടുകൂടിയ അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 ആഡിറ്റോറിയങ്ങളുടെ വരവ് സംബന്ധമായ രേഖകൾ ഹാജരാക്കിയില്ല.

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ നിലവിൽ എത്ര കല്യാണ മണ്ഡപങ്ങൾ/ ഹാളുകൾ/ ഓഡിറ്റോറിയങ്ങൾ പ്രവൃത്തിക്കുന്നുണ്ടെന്ന വിവരം ലഭ്യമാക്കണമെന്നും ഇവയിൽ നിന്നും ഈടാക്കുന്ന വാടക എത്രയെന്നറിയിക്കണമെന്നും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.11 ന മറുപടി നൽകിയിട്ടില്ല. രജിസ്റ്ററും അനുബന്ധ രേഖകളും ഹാജരാക്കിയിട്ടില്ല. എന്നാൽ സഞ്ചയ സോഫ്റ്റ്വെയർ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ കല്യാണ മണ്ഡപങ്ങൾ/ ഹാളുകൾ/ ഓഡിറ്റോറിയങ്ങൾ പ്രവൃത്തിക്കുന്നുണ്ടെന്ന ബോധ്യപ്പെട്ടിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം. | ഉടമസ്ഥൻ | ഉപയോഗക്രമം |
|---|---|---|---|
| 1 | 3/374B | സെക്രട്ടറി, അന്നൂരി ഗ്രാമ പഞ്ചായത്ത് | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ |

| | | | |
|---|---|---|---|
| 2 | 3/424A | സെക്രട്ടറി, അന്നൂരി ഗ്രാമ പഞ്ചായത്ത് | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ |

2020-21 സാമ്പത്തിക വർഷം ഇവയിൽ നിന്നും വാടക ഈടാക്കിയിട്ടുണ്ടോ എന്നത് രേഖകളുടെ അഭാവത്തിൽ വ്യക്തമല്ല. പഞ്ചായത്തിന്റെ ആസ്തികളിൽ നിന്നുള്ള വരുമാനം കൃത്യമായി പഞ്ചായത്ത് ഫണ്ടിൽ അടവാക്കുന്നുണ്ടെന്നും ആയത് പഞ്ചായത്തിനുള്ളിലെ വിവിധ വികസന പ്രവൃത്തികൾക്കുതകും വിധം പ്രയോജനപ്പെടുത്തുന്നുണ്ടെന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതാണ്.

## 1-14 റേഷൻകടകളിൽ നിന്നും ലൈസൻസ്,തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല.

കേരളാ സിവിൽ സപ്ലൈസ് കമ്മീഷണറുടെ 22-01-2019-ലെ (സി.എസ്).എ-9-764/19 കത്ത് പ്രകാരം റേഷൻ ചില്ലറ വ്യാപാരികൾ ലൈസൻസ് ഫീസും, തൊഴിൽ നികുതിയും അടയ്ക്കണമെന്ന് നിഷ്കർഷിക്കുന്നതിനാലും, കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232 പ്രകാരം ലൈസൻസ് കൂടാതെ പഞ്ചായത്തിലെ സ്ഥലം ഏതൊരു ആവശ്യത്തിനും ഉപയോഗിക്കാൻ പാടില്ലായെന്നതിനാലും റേഷൻ കടകളിൽ നിന്നും ലൈസൻസ്, തൊഴിൽ നികുതി എന്നിവ ഈടാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ റേഷൻകടകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ലൈസൻസ് ഫീസും, തൊഴിൽ നികുതിയും ഈടാക്കുന്നില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.22, 17) തുക ഈടാക്കി ലൈസൻസ് അനുവദിക്കാത്തതിനും തൊഴിൽ നികുതി ഈടാക്കാത്തതിനും കാരണം വ്യക്തമാക്കിയിട്ടില്ല. മേൽ ഉത്തരവ് പ്രകാരം റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസും, തൊഴിൽ നികുതിയും ഡിമാൻഡ് നോട്ടീസ് നൽകി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം കൂട്ടുവാൻ വേണ്ടി ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി അവശ്യം വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

## 1-15 കെ.എസ്.ഇ.ബി ഓഫീസിൽ നിന്നും വാടക ഈടാക്കുന്നില്ല.

അന്നൂരി ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി ഓഫീസിന്റെ വാടക 2020-21 സാമ്പത്തിക വർഷം ഈടാക്കിയിട്ടില്ല. കുടിശ്ശിക ഉൾപ്പെടെ വാടക ഈടാക്കാൻ മുൻ സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും നിർദ്ദേശിച്ചിരുന്നു. പ്രസ്തുത നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.2 ന മറുപടിയായി കെ.എസ്.ഇ.ബി യോട് വാടക ഈടാക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചിട്ടുള്ള കമ്മിറ്റി തീരുമാനം ലഭ്യമാക്കിയിട്ടുണ്ട്. (17-02-2022 ലെ 12/2 ാം നമ്പർ തീരുമാനം) എന്നാൽ വാടക എത്രയെന്ന് കമ്മിറ്റി നിശ്ചയിച്ചിട്ടില്ല. കുടിശ്ശിക ഈടാക്കുന്നത് സംബന്ധിച്ചും തീരുമാനങ്ങളില്ല. വാടക ഈടാക്കുന്നത് സംബന്ധിച്ചുള്ള തുടർ നടപടികൾ അറിയിക്കുക. വാടക മുഴുവനായി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 തൊഴിൽ നികുതി - അപാകങ്ങൾ

അന്നൂരി പഞ്ചായത്തിലെ 2020-21 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ പറയുന്ന അപാകങ്ങൾ കാണുന്നു.

### 1-16-1 തൊഴിൽ നികുതി കൃത്യമായി ഈടാക്കിയിട്ടില്ല.

I) പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1), (2) വകുപ്പുകൾ പ്രകാരം ഒരു പഞ്ചായത്ത് പരിധിയിൽ ഒരു വ്യക്തി ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസത്തിൽ കുറയാതെ താമസിച്ചുകൊണ്ട് തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെടുകയോ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യിട്ടുണ്ടെങ്കിൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. അന്നൂരി ഗ്രാമ പഞ്ചായത്തിന്റെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ചുവടെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2020-21 സാമ്പത്തിക വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല .

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | നികുതി ഈടാക്കേണ്ട അർദ്ധ വർഷം |
|---|---|---|

| | | |
|---|---|---|
| 1 | പോസ്റ്റ് ഓഫീസ് , അമ്പൂരി | II, |
| 2 | കുടുംബശ്രീ അക്കൗണ്ടന്റ് | II, |
| 3 | വി ഇ ഒ അമ്പൂരി | I, II |
| 4 | ഗുഡ് സമരിയൻ ഹോസ്പിറ്റൽ | I,II |

II)ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തത് മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടി കാണിച്ചിരുന്നു. എന്നാൽ 2020-21 സാമ്പത്തിക വർഷത്തിലും ടി സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1. ചിലങ്ക എന്റർപ്രൈസസ്, അമ്പൂരി

2. ചൂരനോലിക്കൽ ആട്ടോമൊബൈൽസ്, അമ്പൂരി

3. മലമുകളിൽ ഏജൻസീസ് & എർത്ത് മൂവേഴ്സ്, അമ്പൂരി

4. കെ.എൻ സിദ്ധ മർമ്മ പാരമ്പര്യ വൈദ്യശാല, അമ്പൂരി

5. യുവേഴ്സ് ഫിറ്റ്നെസ് & മൾട്ടി ജിം, അമ്പൂരി

6. അക്ഷയ് മോട്ടോർ ഡ്രൈവിംഗ് സ്കൂൾ, അമ്പൂരി

7. തുരുത്തേൽ ഫൈനാൻസ്, അമ്പൂരി

8. പാലയ്ക്കൽ ഫൈനാൻസ്, അമ്പൂരി

9. ധനലക്ഷ്മി ഫൈനാൻസ്, അമ്പൂരി

10. കുളത്തിങ്കൽ ഫൈനാൻസ്, അമ്പൂരി

11. നെടുംപറമ്പിൽ ഗോൾഡ് ലോൺ, അമ്പൂരി

12. കവലയ്ക്കൽ സ്റ്റോഴ്സ്, അമ്പൂരി

13. ക്ഷീര വ്യവസായ സഹകരണ സംഘം, ശൂരവകാണി

നികുതി ഈടാക്കാത്തതിന് കാരണം അറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.17 ന മറുപടി നൽകിയിട്ടില്ല. നികുതി ഈടാക്കി പ്രസ്തുത രസീത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

III) ഗ്രാമ പഞ്ചായത്തിന്റെ കെട്ടിടത്തിൽ പ്രവൃത്തിക്കുന്ന കെ.എസ്.ഇ.ബി ഓഫീസിൽ നിന്നും 2020-21സാമ്പത്തിക വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളതായി തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ സ്ഥാപനം ലഭ്യമാക്കിയിട്ടുള്ള രേഖകൾ പ്രകാരം 30 ജീവനക്കാരുടെ രണ്ടാം പാദ തൊഴിൽ നികുതിയായി 37,500/- രൂപ ചെക്ക് മുഖേന ലഭ്യമാക്കിയിട്ടുണ്ട്. (ചെക്ക് നം. 009022/ 25-02-2021). ഈ തുക പഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ആയിട്ടുമുണ്ട്. സ്ഥാപനം നികുതി ഒടുക്കിയതായി രേഖപ്പെടുത്തൽ നടത്താത്തതിന് കാരണം അറിയിക്കണമെന്നും ടി സ്ഥാപനം ആദ്യപാദ നികുതി ഒടുക്കിയിട്ടുണ്ടോ എന്നറിയിക്കണമെന്നും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.17 ന മറുപടി നൽകിയിട്ടില്ല. ആദ്യപാദ നികുതി ഒടുക്കിയിട്ടില്ലാത്ത പക്ഷം നികുതി ഈടാക്കി വിവരം ഓഡിറ്റിനെ ധരിപ്പിക്കേണ്ടതാണ്. രജിസ്റ്ററുകളിൽ കൃത്യമായ രേഖപ്പെടുത്തൽ നടത്തി കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-16-2 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഒരു പഞ്ചായത്ത് പരിധിയിൽ താമസിച്ചുകൊണ്ട് ഒരു വ്യക്തി ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസത്തിൽ കുറയാതെ തൊഴിലിലോ ജോലിയിലോ ഏർപ്പെടുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവൃത്തി ഏറ്റെടുക്കുകയും പഞ്ചായത്ത് പരിധിയിൽ 60 ദിവസത്തിനുമേൽ പ്രവൃത്തി നടത്തുകയും ചെയ്ത കരാറുകാരിൽ നിന്നും 2020-21 സാമ്പത്തിക വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. മേൽ വിഷയം

സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ.17ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

## 1-16-3 കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

മുൻവർഷങ്ങളിൽ പിരിച്ചെടുക്കാതെ ബാക്കിയായ നികുതി 'കുടിശ്ശിക ഡിമാൻറ് രജിസ്റ്ററിൽ' ചേർത്ത് പൂർണമായി പിരിച്ചെടുക്കേണ്ടതുണ്ട്. എന്നാൽ അന്നൂരി ഗ്രാമപഞ്ചായത്തിൽ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. രജിസ്റ്റർ സൂക്ഷിക്കാതിരുന്നാൽ കുടിശ്ശിക നികുതി പിരിവ് ശ്രദ്ധിക്കാൻ കഴിയാതെ വരികയും പിരിച്ചെടുക്കാത്ത കുടിശ്ശിക 3 വർഷം കഴിയുമ്പോൾ യാതൊരു നടപടിയും സ്വീകരിക്കാൻ കഴിയാതെ കാലഹരണപ്പെടുകയും ചെയ്യും. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.17ന് മറുപടി നൽകിയിട്ടില്ല. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി വരുമാന നഷ്ടം ഒഴിവാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 വസ്തു നികുതി-അപാകങ്ങൾ

1.അന്നൂരി ഗ്രാമ പഞ്ചായത്തിൽ വിവിധ വാർഡുകളിൽ സ്ഥിതി ചെയ്യുന്ന മൊബൈൽ ഫോൺ ടവറുകളിൽ നിന്നും വസ്തു നികുതി ഇനത്തിൽ തുക പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഡോർ നം. | നികുതി കുടിശ്ശിക 2020 രണ്ടാം പാദം വരെ |
|---|---|---|
| 1 | 1/44 | 4043x16= 64688 |
| 2 | 4/32 | 4410x6 = 26460 |
| 3 | 11/318 | 3938x16 =63008 |
| ആകെ | | 1,54,156/- |

2. 2020-21 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ പ്രകാരം ഉഷസ് ഫ്ളവർ മിൽ എന്ന സ്ഥാപനം പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ ഉപയോഗക്രമം 'പാർപ്പിടാവശ്യം 'എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കെട്ടിടത്തിന്റെ അടിസ്ഥാന നികുതി നിരക്കിൽ ഇത് കാരണം കുറവ് വന്നിട്ടുണ്ട്. നികുതി നഷ്ടം സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിക്കുന്ന സ്ഥാപനത്തിന്റെ പേര് | കെട്ടിട നം. | വിസ്തീർണം | ഉപയോഗ ക്രമം | ഈടാക്കുന്ന നികുതി | ഈടാക്കേണ്ടിയിരുന്ന അടിസ്ഥാന നികുതി |
|---|---|---|---|---|---|---|
| 1 | ഉഷസ് ഫ്ളവർ മിൽ | X/327 | 41 ച. മീ | പാർപ്പിടാവശ്യം | വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി ഒഴിവാക്കി കൊടുത്തിരിക്കുന്നു | 30(വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ ) |

3. ചുവടെ ചേർത്തിരിക്കുന്ന കെട്ടിടത്തിന്റെ ഉപയോഗ ക്രമം തെറ്റായി രേഖപ്പെടുത്തിയത് വഴി നികുതി നഷ്ടം സംഭവിച്ചിട്ടുണ്ട്.

| ക്രമ നം. | കെട്ടിട നം. | വിസ്തീർണം | ഉപയോഗ ക്രമം | ഈടാക്കുന്ന നികുതി (വർദ്ധനവ്, ലൈബ്രറി സെസ്സ് തുടങ്ങിയവ ഒഴികെ) | ഈടാക്കേണ്ടിയിരുന്ന അടിസ്ഥാന നികുതി |
|---|---|---|---|---|---|
| 1 | 9/104/A | 123.39 ച. മീ. | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 30 (3701.7 രൂപ) | 50 (6169.5- വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, |

| | | | | | |
|---|---|---|---|---|---|
| | | | | | ഷോപ്പുകൾ , ഗോഡൌൺ) |

മേൽ പറഞ്ഞ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 12 ന മറുപടി നൽകിയിട്ടില്ല. നികുതി കൃത്യമായി തിട്ടപ്പെടുത്തി, ഈടാക്കി വിവരം ഓഡിറ്റിനെ ധരിപ്പിക്കേണ്ടതാണ്. നടപടികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും വർക്കിംഗ് ഗ്രൂപ്പും വിലയിരുത്തേണ്ടതും വേണ്ട നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.

## 1-18 മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ഹാജരാക്കിയില്ല

കൃഷി ഓഫീസർ നിർവ്വഹിച്ച വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട ഫയലുകളിൽ ഒന്നിലും തന്നെ മോണിറ്ററിംഗ് റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല. പദ്ധതി നിർവ്വഹണം വിലയിരുത്തി മോണിറ്ററിംഗ് സമിതി സമർപ്പിച്ചിട്ടുള്ള മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.1ന മറുപടി നൽകിയിട്ടില്ല. പദ്ധതി സംബന്ധമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി, നം. | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | ഫല വൃക്ഷ തൈ വിതരണം, 213/21 | 32000 (24000- വികസന ഫണ്ട് - പൊതു വിഭാഗം , സാധാരണ വിഹിതം, 8000- മറ്റുള്ളവ) | 32000 (8000- ഗുണഭോക്തൃ വിഹിതം , 24000ബിൽ നം.- 2/20-21 തീ. 11-02-2021 ) |
| 2 | ഇഞ്ചി കൃഷി , 1/21 | 196720 (വികസന ഫണ്ട് - പൊതു വിഭാഗം, സാധാരണ വിഹിതം) | 196720 (ബിൽ നം.3/20-21 തീ: 11-02-2021 ) |

മോണിറ്ററിംഗ് റിപ്പോർട്ടിന്റെ അഭാവത്തിൽ പദ്ധതി കാര്യക്ഷമമായി പൂർത്തീകരിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്താൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നു. പദ്ധതി നടപ്പിലാക്കുമ്പോൾ പദ്ധതിയുടെ വിവിധ ഘട്ടങ്ങൾ മോണിറ്ററിംഗ് സമിതി വിലയിരുത്തുകയും പദ്ധതി ലക്ഷ്യം കൈവരിച്ചെന്ന് ഉറപ്പാക്കുകയും വേണം. പദ്ധതിയുടെ ഫലപ്രാപ്തി സംബന്ധിച്ചുള്ള മോണിറ്ററിംഗ് റിപ്പോർട്ടുകൾ ഇനിമേൽ കൃത്യമായി ഫയലിൽ സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-19 ബേസിക് ഡാറ്റ രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്

കൃഷിയെ സംബന്ധിക്കുന്ന സമഗ്ര വിവരങ്ങൾ രേഖപ്പെടുത്തുന്ന ബേസിക് ഡാറ്റ രജിസ്റ്റർ കൃഷി ഓഫീസർ തയ്യാറാക്കി കാലികമാക്കി സൂക്ഷിക്കേണ്ടതുണ്ട്. എന്നാൽ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത് ഗ്രാമ പഞ്ചായത്തിലെ നീർത്തടങ്ങൾ, ജലാശയങ്ങൾ, നീരുറവകൾ, തോടുകൾ, നെൽവയലുകൾ, കൃഷി ചെയ്യാൻ പറ്റുന്നതും അല്ലാത്തതുമായ തരിശുഭൂമികൾ, കൃഷിയാവശ്യത്തിനായി നാളിതുവരെ സ്വരൂപിച്ച ആസ്തികൾ, മെഷിനറികൾ എന്നീ വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു കംപ്യൂട്ടർ പ്രിന്റ് മാത്രമാണ്. കൃത്യമായ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. ഡാറ്റകളിൽ വർഷാവർഷങ്ങളിൽ വരുന്ന മാറ്റങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നത് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ലഭ്യമാക്കിയ രേഖകൾ കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. ഇത് സംബന്ധിച്ചുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.1 ന മറുപടി നൽകിയിട്ടില്ല. ബേസിക് ഡാറ്റ രജിസ്റ്റർ തയ്യാറാക്കി കാലികമാക്കി സൂക്ഷിക്കേണ്ടതാണ്. പ്രസ്തുത വിവരങ്ങളുടെ അടിസ്ഥാനത്തിൽ കൂടുതൽ ഫലപ്രദമായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ശ്രദ്ധിക്കുക.

## 1-20 പദ്ധതികൾ ആവിഷ്കരിക്കുന്നതിലും നടപ്പിലാക്കുന്നതിലും കുറവ്

2020-21 സാമ്പത്തിക വർഷം ഒരു സ്പിൽ ഓവർ ഉൾപ്പെടെ 4 പ്രോജക്ടുകൾ മാത്രമാണ് കൃഷി ഓഫീസർ നടപ്പിലാക്കിയിട്ടുള്ളത്. തൻവർഷം കൃഷി സംബന്ധമായിട്ടുള്ളത് 2 പദ്ധതികൾ മാത്രമാണ്. 2,28,720/- രൂപ മാത്രമാണ്

കൃഷി സംബന്ധമായ പദ്ധതികൾക്കായി ചെലവഴിച്ചിട്ടുള്ളത്. കർഷകർക്ക് പ്രയോജനം കിട്ടുന്ന തരത്തിൽ കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കാത്തതിന് കാരണം അറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 1 ന മറുപടി നൽകിയിട്ടില്ല. വരും വർഷങ്ങളിൽ പദ്ധതി മാർഗ്ഗ രേഖ ഖ. 7.1 A യിൽ പ്രതിപാദിച്ചിരിക്കും വിധം നീർത്തട പരിപാലനം, പരിസ്ഥിതി സംരക്ഷണം, വനവൽക്കരണം, ഭക്ഷ്യ വിളകളുടെ വിസ്തൃതി വർദ്ധിപ്പിക്കൽ, ജൈവ കൃഷി, തരിശ് ഭൂമിയിൽ കൃഷി തുടങ്ങിയ വിഷയങ്ങളിൽ കൂടുതൽ പദ്ധതികൾ ആവിഷ്കരിച്ച് ജനങ്ങൾക്കുതകും വിധം നടപ്പിലാക്കേണ്ടതാണ്.

## 1-21 എസ്റ്റിമേറ്റുകൾ റിവൈസ് ചെയ്യേണ്ട സാഹചര്യം ഒഴിവാക്കേണ്ടതാണ്.

2020-21 വർഷത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളിൽ പ്രവൃത്തി നടക്കുന്ന സമയത്ത് എസ്റ്റിമേറ്റുകൾ പലതും റിവൈസ് ചെയ്യേണ്ടതായി വന്നിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ അപാകതയാണ് ഇതിന് കാരണം. 2012 ലെ പുതുക്കിയ കേരള പി.ഡബ്ല്യു.ഡി മാന്വൽ 1601.1.2 പ്രകാരം എല്ലാ മരാമത്ത് പ്രവൃത്തികൾക്കും സാങ്കേതികാനുമതി ലഭിയ്ക്കുന്നതിന് വിശദമായ എസ്റ്റിമേറ്റ് നിർബന്ധമാണ്. വിശദമായ സൈറ്റ് പരിശോധനയ്ക്ക് ശേഷമാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കേണ്ടത്. എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ അപൂർണ്ണമായാണ് തയ്യാറാക്കിയിട്ടുള്ളത്. നടത്തിയ പ്രവൃത്തിയുടെ വ്യക്തത എസ്റ്റിമേറ്റ് റിപ്പോർട്ടിൽനിന്ന് ലഭിക്കുന്നില്ല. പ്രവൃത്തികളുടെ കാര്യത്തിൽ മാന്വലിലെ പല നിർദ്ദേശങ്ങളും പാലിക്കാതെയാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിരിക്കുന്നത്. പുതിയ റോഡുകളുടെ കാര്യത്തിലും, കെട്ടിടങ്ങളുടെ കാര്യത്തിലും നിലവിലെ അവസ്ഥ, ഇതിന്റെ ആവശ്യകതയും ഫീസിബിലിറ്റിയും, പ്രവൃത്തി നടത്താനുദ്ദേശിക്കുന്ന റോഡിൽ സമീപകാലത്ത് നടത്തിയ പ്രവൃത്തികളുടെ വിവരം, മറ്റ് സ്ഥാപനങ്ങൾ നടത്തിയ പ്രവൃത്തികളുടെ വിവരം മുതലായ വിവരങ്ങൾ, പുതിയ നിർമ്മിതിയാണെങ്കിൽ ആവശ്യമായ സ്ഥലം വിട്ടുകിട്ടിയതു സംബന്ധിച്ച വിവരങ്ങൾ, പ്രവൃത്തി പൂർത്തികരിക്കാനുദ്ദേശിക്കുന്ന കാലയളവ് മുതലായ വിവരങ്ങൾ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നില്ല.

## 1-22 ഷ്രെഡഡ്പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

സർക്കാർ ഉത്തരവ് (സാധാ.) നം.3119/2016/ത.സ്വ.ഭ.വ./17.11.2016 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന 10% റോഡ് പ്രവൃത്തികളിലെങ്കിലും 10% പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിനും സൈസ് വ്യത്യാസമില്ലാതെ ഷ്രെഡഡ്പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിനും അനുമതി നൽകിയിരുന്നു. ഗ്രാമ പഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷം നിർവ്വഹണം നടത്തിയ 45 മരാമത്ത് പ്രവൃത്തികളിൽ 3 റോഡ് പ്രവൃത്തികളിൽ മാത്രമാണ് ഷ്രെഡഡ്പ്ലാസ്റ്റിക് ഉപയോഗിച്ചിട്ടുള്ളത് എന്ന് ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 05/23.04.2022)മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഭാവിയിൽ ഗ്രാമപഞ്ചായത്തിൽ നിർവ്വഹണം നടത്തുന്ന റോഡ് ടാറിംഗ് പ്രവൃത്തികളുടെ 10% പ്രവൃത്തികളിൽ സർക്കാർ ഉത്തരവിലെ നിർദ്ദേശാനുസരണം ഷ്രെഡഡ്പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 അനിവാര്യമായ രേഖകളുടെ അഭാവത്തിൽ ചെലവ് തുക 2605359/-രൂപ തടസ്സപ്പെടുത്തുന്നു

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2020-21 സാമ്പത്തിക വർഷം നടപ്പിലാക്കിയ വിവിധ നിക്ഷേപ പ്രവൃത്തി പദ്ധതികളുമായി ബന്ധപ്പെട്ട ഫയലുകളും പരിശോധിച്ചതിൽ ചില ന്യൂനതകളും അപാകതകളും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതി നമ്പർ/പേര് | നിർവഹണ ഏജൻസി | അടങ്കൽ/ഫണ്ടിനം | ഭരണസമിതി നമ്പർ | ചെലവ്, ബിൽ നമ്പർ/തീയതി |
|---|---|---|---|---|---|
| 1. | 76/21 കൊങ്കോട്ടപ്പാറ ഷെഡ്ഡുനട പൈപ്പ്ലൈൻ നീട്ടൽ | കേരള വാട്ടർ അതോറിറ്റി | 100000/- ധനകാര്യ കമ്മിഷൻ അവാർഡ് | 1(2)/14.07.2020 | 96400/-, 17/11.09.2020 |
| 2. | 216/21 മായം കരുമംകളം പൈപ്പ്ലൈൻ | കേരള വാട്ടർ അതോറിറ്റി | 200000/- ധനകാര്യ കമ്മിഷൻ അവാർഡ് | 1(2)/14.07.2020 | 200000/-, 47/12.02.2021 |

| | | | | | |
|---|---|---|---|---|---|
| | നീട്ടൽ | | | | |
| 3. | 77/21 വാഴിച്ചൽ വിലങ്ങുമല പൈപ്പ്ലൈൻ നീട്ടൽ | കേരള വാട്ടർ അതോറിറ്റി | 689000/- ധനകാര്യ കമ്മിഷൻ അവാർഡ് | 1(2)/14.07.2020 | 666700/-, 18/11.09.2020 |
| 4. | 220/21 കുട്ടപ്പൂ കമ്മ്യൂണിസ്റ്റ് മുക്ക് പൈപ്പ്ലൈൻ നീട്ടൽ | കേരള വാട്ടർ അതോറിറ്റി | ധനകാര്യ കമ്മിഷൻ അവാർഡ് 220000/- | 1(2)/14.07.2020 | 220000/-, 48/12.02.2021 |
| 5. | 222/21 കണ്ടംതിട്ട ഇടവാച്ചൽ പൈപ്പ്ലൈൻ നീട്ടൽ | കേരള വാട്ടർ അതോറിറ്റി | ധനകാര്യ കമ്മിഷൻ അവാർഡ് 200000/- | 1(2)/14.07.2020 | 199800/-, 46/12.02.2021 |
| 6. | 32/21 നാരകത്തിൻമൂട് പള്ളിവിള പൈപ്പ്ലൈൻ നീട്ടൽ | കേരള വാട്ടർ അതോറിറ്റി | 139000/- ധനകാര്യ കമ്മിഷൻ അവാർഡ് | 1(2)/14.07.2020 | 139000/-, 34/14.10.2020 |
| 7. | 25/21 കുറിച്ചി ചാക്കേത്തോട്ടം പൈപ്പ്ലൈൻ നീട്ടൽ | കേരള വാട്ടർ അതോറിറ്റി | 200000/- ധനകാര്യ കമ്മിഷൻ അവാർഡ് | 1(2)/14.07.2020 | 197700/-, 32/23.09.2020 |
| 8. | 33/21 കാഞ്ഞിരംമൂട് കെ പി റോഡ് പൈപ്പ്ലൈൻ നീട്ടൽ | കേരള വാട്ടർ അതോറിറ്റി | 150000/- ധനകാര്യ കമ്മിഷൻ അവാർഡ് | 1(2)/14.07.2020 | 146300/-, 21/16.09.2020 |
| 9. | 34/21 കണ്ടംതിട്ട കോളനി നെട്ടംപുല്ലി പൈപ്പ്ലൈൻ നീട്ടൽ | കേരള വാട്ടർ അതോറിറ്റി | 189000/- ധനകാര്യ കമ്മിഷൻ അവാർഡ് | 1(2)/14.07.2020 | 176900/-, 20/16.09.2020 |
| 10. | 221/21 നടയ്ക്കൽ താഴെ പൈപ്പ്ലൈൻ നീട്ടൽ | കേരള വാട്ടർ അതോറിറ്റി | 220000/- ധനകാര്യ കമ്മിഷൻ അവാർഡ് | 1(2)/14.07.2020 | 195800/-, 19/16.09.2020 |
| 11. | 27/21 കാസാറോഡ് കരിമ്പുമണ്ണടി പൈപ്പ്ലൈൻ നീട്ടൽ | കേരള വാട്ടർ അതോറിറ്റി | 200000/- ധനകാര്യ കമ്മിഷൻ അവാർഡ് | 1(2)/14.07.2020 | 197100/-, 24/16.09.2020 |
| 12. | 31/21 ചീനിക്കാല പള്ളിനട തട്ടംമുക്ക് പൈപ്പ്ലൈൻ | കേരള വാട്ടർ അതോറിറ്റി | 100000/- ധനകാര്യ കമ്മിഷൻ അവാർഡ് | 1(2)/14.07.2020 | 98100/-, 23/16.09.2020 |

| | | | | | |
|---|---|---|---|---|---|
| | നീട്ടൽ ഘട്ടം. 02 | | | | |
| 13. | 29/21 കുളമാംകുഴിയിൽ പൊതുടാപ്പ് | കേരള വാട്ടർ അതോറിറ്റി | 7000/- ധനകാര്യ കമ്മിഷൻ അവാർഡ് | 1(2)/14.07.2020 | 7000/-, 25/16.09.2020 |
| 14. | 26/21 മൂങ്ങോട് ജംഗ്ഷനിൽ പൊതുടാപ്പ് സ്ഥാപിക്കൽ | കേരള വാട്ടർ അതോറിറ്റി | 7000/- ധനകാര്യ കമ്മിഷൻ അവാർഡ് | 1(2)/14.07.2020 | 7000/-, 22/16.09.2020 |
| 15. | 22/21 പാമ്പരംകാവ് അംഗണവാടിക്ക് കുടിവെള്ളം | കേരള വാട്ടർ അതോറിറ്റി | 18000/- മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 1/17.01.2020 | 18000/-, 26/16.09.2020 |
| 16. | 190/21 ഹോമിയോ ആശുപത്രിക്ക് കുടിവെള്ളം | കേരള വാട്ടർ അതോറിറ്റി | 25000/- മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 1/17.01.2020 | 16800/-, 33/23.09.2020 |
| 17. | 30/21 കുളമാംകുഴിയിൽ സ്ട്രീറ്റ്‌ലൈൻ നീട്ടൽ | കെ. എസ്. ഇ. ബി | 23000/- ധനകാര്യ കമ്മിഷൻ അവാർഡ് | 1/17.01.2020 | 22759/-, 10/27.08.2020 |

മേൽ പ്രസ്താവിച്ച പദ്ധതികൾ നടപ്പിലാക്കുന്നതിനു വേണ്ടി നിർവ്വഹണോദ്യോഗസ്ഥൻ നിർവ്വഹണ ഏജൻസിയായ കേരള വാട്ടർ അതോറിറ്റിയുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് (അക്കൗണ്ട് നം: 57021115937, IFSC: SBIN0070042) അതത് പ്രോജക്ടുകളുടെ എസ്റ്റിമേറ്റ് പ്രകാരം പല പ്രാവശ്യങ്ങളിലായി ആകെ 2582600/- (96400 + 200000 + 666700 + 220000 + 199800 + 139000 + 197700 + 146300 + 176900 + 195800 + 197100 + 98100 + 7000 + 7000 + 18000 + 16800)രൂപ നിക്ഷേപിക്കുകയും കരാറിലേർപ്പെടുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകകൾ ഉപയോഗിച്ച് പണി പൂർത്തിയാക്കിയതിന്റെ വിനിയോഗ സാക്ഷ്യപത്രവും മോണിറ്ററിംഗ് സമിതി റിപ്പോർട്ടും ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട് നമ്പർ 30/21 പ്രകാരമുള്ള പദ്ധതിയുടെ നടത്തിപ്പിനു വേണ്ടി നിർവ്വഹണ ഏജൻസിയായ കെ.എസ്.ഇ.ബി. യുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് (അക്കൗണ്ട് നം:67003722947, IFSC: SBIN0070588) 22759/-രൂപ നിക്ഷേപിച്ചുവെങ്കിലും നിർവ്വഹണ ഏജൻസിയിൽ നിന്നുള്ള എസ്റ്റിമേറ്റോ നിർവ്വഹണ ഏജൻസിയുമായി ഏർപ്പെട്ടിട്ടുള്ള കരാറോ പദ്ധതി തുകയുടെ വിനിയോഗ സാക്ഷ്യപത്രമോ മോണിറ്ററിംഗ് സമിതി റിപ്പോർട്ടോ ഹാജരാക്കിയിട്ടില്ല. ഇക്കാരണത്താൽ ഈ പദ്ധതികൾ പൂർത്തീകരിച്ച് ലക്ഷ്യപ്രാപ്തി കൈവരിച്ചിട്ടുണ്ടെന്ന് ബോദ്ധ്യപ്പെടുവാൻ സാധിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത രേഖകളുടെ അഭാവത്തിൽ ഈ പദ്ധതികൾക്കുവേണ്ടി വിനിയോഗിച്ച 2605359/- (2582600 + 22759) രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

ഇത് സംബന്ധിച്ച് 16.05.2022 തീയതിയിൽ 18 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഉപോദ്ബലകമായ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ നിർവ്വഹണോദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല; 376166/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2020-21 സാമ്പത്തിക വർഷം നടപ്പിലാക്കിയ വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. ഇത്തരത്തിലുള്ള പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| പ്രോജക്റ്റ് നമ്പർ | 20/21 | 05/21 | 28/21 |
| പ്രോജക്റ്റിന്റെ പേര് | സാമൂഹ്യ സുരക്ഷ മിഷൻ വിഹിതം | എസ്. എസ്. എ വിഹിതം | ഐ. കെ. എം വിഹിതം |
| ഫണ്ടിനം | വികസന ഫണ്ട് (പൊതു വിഭാഗം): 100000/- | വികസന ഫണ്ട് (പൊതു വിഭാഗം): 200000/- | വികസന ഫണ്ട് (പൊതു വിഭാഗം): 76166/- |
| ആകെ അടങ്കൽ | 100000/- | 200000/- | 76166/- |
| ഭരണാനുമതി നമ്പരും തീയതിയും | 1/17.01.2020 | 1/17.01.2020 | 1/17.01.2020 |
| ചെലവ് പത്രിക പ്രകാരം ചെലവ് | 100000/- | 200000/- | 76166/- |
| ട്രഷറി ബിൽ നമ്പർ/തീയതി, തുക | 16/16.09.2020, 100000/- | 29/16.09.2020, 200000/- | 49/12.02.2021, 76166/- |

മേൽ പ്രസ്താവിച്ച പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം, ഡിമാന്റ് എന്നിവ ഹാജരാക്കാത്തതിനാൽ ഡിമാന്റിനനുസൃതമായ തുക തന്നെയാണോ പഞ്ചായത്ത് അനുവദിച്ചതെന്നും അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ടോയെന്നും എന്തെല്ലാം പ്രവർത്തനങ്ങൾക്കാണ് തുക ചെലവഴിച്ചതെന്നും ബോദ്ധ്യപ്പെടുവാൻ സാധിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത രേഖകൾ ഹാജരാക്കുന്നതു വരെ ഈ പദ്ധതികൾക്കായി ആകെ വിനിയോഗിച്ച 376166/- (100000+200000+76166)രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

ഇതു സംബന്ധിച്ച് 16.05.2022 തീയതിയിൽ 18 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയോ വിനിയോഗ വിവരങ്ങൾ പരിശോധിക്കുന്നതിന് ഉപോദ്ബലകമായ രേഖകളോ ലഭ്യമാക്കിയിട്ടില്ല. ആയത് അടിയന്തിരമായി ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-25 സംയുക്ത പരിശോധന നടത്തി പൊതു ടാപ്പുകളുടെ കണക്കെടുക്കാതെ വെള്ളക്കരം ഒടുക്കി

ഗ്രാമ പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള പൊതു ടാപ്പുകളുടെ വെള്ളക്കരം ഒടുക്കുന്നതിനു വേണ്ടി രൂപീകരിച്ചതാണ് "വെള്ളക്കരം അടയ്ക്കൽ" എന്ന പദ്ധതി. ഈ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| പദ്ധതി നമ്പർ | | 21/21 |
| പദ്ധതിയുടെ പേര് | | വെള്ളക്കരം അടയ്ക്കൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | | സെക്രട്ടറി, ഗ്രാമ പഞ്ചായത്ത് |
| ഫണ്ടിനം | വികസന ഫണ്ട് (പൊതു വിഭാഗം) | 1191940/- |
| | മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 150000/- |
| ആകെ അടങ്കൽ | | 1341940/- |
| ഭരണാനുമതി നമ്പരും തീയതിയും | | 1/17.01.2020 |

| | |
|---|---|
| ചെലവ് തുക (ചെലവ് പത്രിക പ്രകാരം) | 1022672/- (വികസന ഫണ്ട്) |
| | 100188/- (മെയിന്റനൻസ് ഫണ്ട് -റോഡിതരം) |
| | ആകെ ചെലവ് തുക: 1122860/- |
| ട്രഷറി ബിൽ നമ്പർ/തീയതി, തുക | 09/27.07.2020, 414983/- |
| | 12/27.08.2020, 100188/- |
| | 30/23.09.2020, 100188/- |
| | 35/27.10.2020, 100188/- |
| | 41/24.12.2020, 202563/- |
| | 44/22.01.2021, 102375/- |
| | 45/12.02.2021, 102375/- |

കേരള വാട്ടർ അതോറിട്ടിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം 260വാട്ടർ ടാപ്പുകൾക്കാണ് പ്രതിമാസം വെള്ളക്കരം കണക്കാക്കിയിട്ടുള്ളത്. സ.ഉ (ആർ.റ്റി) 2242/2011/ത.സ്വ.ഭ.വ തീയതി: 28.09.2011 പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾ വാട്ടർ അതോറിട്ടിയുമായി ചേർന്ന് ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തേണ്ടതാണ്. സംയുക്ത പരിശോധനയിൽ നിലവിൽ പ്രവർത്തിക്കുന്ന ടാപ്പുകളുടെ എണ്ണം കണ്ടെത്തി ആയതിന്റെ അടിസ്ഥാനത്തിലാണ് വെള്ളക്കരം ഒടുക്കേണ്ടത്. ഇപ്രകാരം സംയുക്ത പരിശോധന നടത്തിയതിന്റെ വിവരം, പൊതു ടാപ്പുകളുടെ രജിസ്റ്റർ തുടങ്ങിയ വിവരങ്ങൾ ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല. ഇക്കാരണത്താൽ പൊതു ടാപ്പുകളെ സംബന്ധിച്ച കൃത്യമായ കണക്ക് പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ലെന്നു വ്യക്തമാകുന്നു.

ഇതു സംബന്ധിച്ച് 16.05.2022 തീയതിയിൽ 15 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയോ മേൽ പ്രസ്താവിച്ച രേഖകളോ ലഭ്യമാക്കിയിട്ടില്ല. ആയത് അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

## 1-26 പദ്ധതി നിർവ്വഹണം സംബന്ധിച്ച രേഖകൾ ഹാജരാക്കിയില്ല; 1900000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി 2020-21 സാമ്പത്തിക വർഷം നടപ്പിലാക്കിയ പദ്ധതികളുമായി ബന്ധപ്പെട്ട അനിവാര്യമായ രേഖകൾ ഓഡിറ്റിനു ഹാജരാക്കിയില്ല. ഇത്തരത്തിലുള്ള പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

I

| | | |
|---|---|---|
| പദ്ധതി നമ്പർ | | 113/21 |
| പദ്ധതിയുടെ പേര് | | വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ (ജനറൽ) |
| നിർവ്വഹണോദ്യോഗസ്ഥൻ | | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| ഫണ്ടിനം | വികസന ഫണ്ട് (പൊതു വിഭാഗം) | 2600000/- |
| ആകെ അടങ്കൽ | | 2600000/- |
| ഭരണാനുമതി നമ്പരും തീയതിയും | | 1/17.01.2020 |
| ചെലവ് തുക (ചെലവ് പത്രിക പ്രകാരം) | | 1150000/- |
| ട്രഷറി ബിൽ നമ്പർ/തീയതി, തുക | | 03/14.03.2021, 1150000/- |

പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു

1. ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയില്ല. ആയതിനാൽ പദ്ധതിയുടെ ആനുകൂല്യം ലഭിച്ചവർ പഞ്ചായത്ത് കമ്മിറ്റി

അംഗീകരിച്ച ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടവരാണെന്ന് ബോദ്ധ്യപ്പെടുവാൻ സാധിച്ചിട്ടില്ല.

2. ഗുണഭോക്താക്കളുടെ അപേക്ഷ ലഭ്യമാക്കിയിട്ടില്ല.

3. ഗുണഭോക്താക്കളുമായി മുദ്രപ്പത്രത്തിൽ കരാറിലേർപ്പെടേണ്ടതിനു പകരം കരാർ വ്യവസ്ഥകളോ കക്ഷികളുടെ ഒപ്പുകളോ രേഖപ്പെടുത്തിയിട്ടില്ലാത്ത ബ്ലാങ്ക് മുദ്രപ്പത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. നിയമപരമായി ഇതിനു സാധുതയില്ല.

4. എസ്റ്റിമേറ്റിന്റെ അഭാവത്തിൽ തുക അനുവദിച്ചു. ഇത് പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്. 23 ഗുണഭോക്താക്കൾക്ക് 50000/-രൂപ വീതം ഒന്നാം ഗഡു തുക അനുവദിച്ചിട്ടുണ്ട്.

II

| | | |
|---|---|---|
| പദ്ധതി നമ്പർ | | 118/21 |
| പദ്ധതിയുടെ പേര് | | വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ (പട്ടിക ജാതി) |
| നിർവ്വഹണോദ്യോഗസ്ഥൻ | | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| ഫണ്ടിനം | വികസന ഫണ്ട് (എസ്. സി. പി) | 1200000/- |
| ആകെ അടങ്കൽ | | 1200000/- |
| ഭരണാനുമതി നമ്പരും തീയതിയും | | 1/17.01.2020 |
| ചെലവ് തുക (ചെലവ് പത്രിക പ്രകാരം) | | 750000/- |
| ട്രഷറി ബിൽ നമ്പർ/തീയതി, തുക | | 12/17.03.2021, 750000/- |

ആകെ 5 ഗുണഭോക്താക്കൾക്ക് 150000/-രൂപ വീതം അനുവദിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയില്ല. ആയതിനാൽ പദ്ധതിയുടെ ആനുകൂല്യം ലഭിച്ചവർ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടവരാണെന്ന് ബോദ്ധ്യപ്പെടുവാൻ സാധിച്ചിട്ടില്ല.

2. ഗുണഭോക്താക്കളുടെ അപേക്ഷ ലഭ്യമാക്കിയിട്ടില്ല.

3. ഗുണഭോക്താക്കളുമായി മുദ്രപ്പത്രത്തിൽ കരാറിലേർപ്പെടേണ്ടതിനു പകരം കരാർ വ്യവസ്ഥകളോ കക്ഷികളുടെ ഒപ്പുകളോ രേഖപ്പെടുത്തിയിട്ടില്ലാത്ത ബ്ലാങ്ക് മുദ്രപ്പത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. നിയമപരമായി ഇതിനു സാധുതയില്ല.

4. എസ്റ്റിമേറ്റിന്റെ അഭാവത്തിൽ തുക അനുവദിച്ചു. ഇത് പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്.

5. ശ്രീമതി. വിജയമ്മ, ശ്രീ. പ്രമോദ്. എസ്. വി, ശ്രീമതി. നിഷ. പി. എസ് എന്നീ ഗുണഭോക്താക്കൾ പണി പൂർത്തിയാക്കിയ വിവരവും ആയതിന്റെ മൂല്യവും രേഖപ്പെടുത്തിയിട്ടുള്ള വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല. ഇതിന്റെ അഭാവത്തിൽ പ്രവൃത്തിയുടെ മൂല്യനിർണ്ണയം നടത്താതെ തുക കൈമാറിയതായി വിലയിരുത്തുന്നു.

6. ശ്രീമതി. വിജയമ്മ, രാജീവ് ഭവൻ, പാമ്പരംകാവ് എന്ന ഗുണഭോക്താവിന്റെ സമുദായം വ്യക്തമാക്കുന്ന രേഖകൾ ഹാജരാക്കിയില്ല. എസ്. സി. പി ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്ന പ്രോജക്ടായതിനാൽ ഗുണഭോക്താവ് എസ്. സി വിഭാഗത്തിൽപ്പെട്ട വ്യക്തിയായിരിക്കേണ്ടത് നിർബന്ധമായ കാര്യമാണ്.

മേൽ പ്രസ്താവിച്ച അപാകതകൾ പരിഹരിച്ച് ആയതിന്റെ രേഖകൾ ഹാജരാക്കുന്നതു വരെ ഈ രണ്ടു പദ്ധതികൾക്കു വേണ്ടിയും വിനിയോഗിച്ച 1900000/- (1150000+750000) രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

ഇതു സംബന്ധിച്ച് 17.05.2022 തീയതിയിൽ 25 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് രേഖകളെല്ലാം കൃത്യമാക്കി സൂക്ഷിച്ചുകൊള്ളാം എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-27 ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്

നമ്മുടെ സംസ്ഥാനം സമീപകാലത്ത് നേരിട്ടുകൊണ്ടിരിക്കുന്ന പ്രകൃതി ദുരന്തങ്ങൾ, കാലാവസ്ഥ വ്യതിയാനങ്ങൾ, പകർച്ചവ്യാധികൾ എന്നിവയുടെ പശ്ചാത്തലത്തിൽ അവയെ നേരിടുന്നതിനും ഇനിയൊരു ദുരന്തമുണ്ടായാൽ

ക്രിയാത്മകമായി ഇടപെടുന്നതിനും പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിനുമായി എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും 2020-21 സാമ്പത്തിക വർഷം മുതൽ ഒരു ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കി വാർഷിക പദ്ധതിയുമായി സംയോജിപ്പിക്കേണ്ടതാണ്. സ.ഉ (കൈ)നം.156/2019/തസ്വഭവ, തീയതി: 04.12.2019, സ.ഉ (കൈ)നം. 157/2019/ തസ്വഭവ, തീയതി: 15.12.2019 എന്നീ ഉത്തരവുകൾ പ്രകാരം പ്രകാരം ഈ പദ്ധതിയിൽ ദുരന്ത പ്രതിരോധത്തിനുള്ള തയ്യാറെടുപ്പുകൾ, പ്രത്യാഘാതങ്ങൾ കുറയ്ക്കുന്നതിനുള്ള പ്രവൃത്തികൾ എന്നിവ ഉൾപ്പെടുത്തേണ്ടതുണ്ട്. ഇത്തരം പ്രവർത്തനങ്ങളിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിന് സ്ഥാപന തലത്തിലും വാർഡ് തലത്തിലും 20അംഗങ്ങൾ വീതമുള്ള ലോക്കൽ റിസോഴ്സ് ഗ്രൂപ്പുകൾ രൂപീകരിക്കേണ്ടതാണ്. ഈ ഗ്രൂപ്പുകളുടെ ഘടന, പ്രവർത്തന നിർദ്ദേശങ്ങൾ തുടങ്ങിയ വിവരങ്ങൾ സ.ഉ (കൈ)നം. 09/2020/തസ്വഭവ, തീയതി: 06.01.2020 ൽ വ്യക്തമാക്കിയിട്ടുണ്ട്. ദുരന്ത നിവാരണ പദ്ധതി രൂപീകരിക്കുന്നതിനുള്ള ഏകോപനം ഉറപ്പുവരുത്തുന്നതിനായി ദുരന്ത നിവാരണ വർക്കിംഗ് ഗ്രൂപ്പിനും രൂപം കൊടുക്കേണ്ടതാണ്. ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കാൻ പട്ടികകളും അവയിലേയ്ക്ക് ആവശ്യമായ വിവരങ്ങൾ ശേഖരിക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അടങ്ങിയ ഏകീകൃത ടെംപ്ലേറ്റ് സ.ഉ (കൈ)നം. 14/2020/തസ്വഭവ, തീയതി: 14.01.2020 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് വാർഷിക പദ്ധതികളുടെ വികസന സെമിനാറിനു മുമ്പായി ദുരന്ത നിവാരണ പദ്ധതിക്കു മാത്രമായി പ്രത്യേക വികസന സെമിനാർ സംഘടിപ്പിക്കേണ്ടതാണ്. ഇതിൽ ഉരുത്തിരിയുന്ന നിർദ്ദേശങ്ങൾ കൂടി പരിഗണിച്ചുവേണം മറ്റു വർക്കിംഗ് ഗ്രൂപ്പുകൾ അവരുടെ പദ്ധതികൾക്കു രൂപം നൽകേണ്ടത്.

ഈ വിഷയം സംബന്ധിച്ച് 16.05.2022 തീയതിയിൽ 19 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല എന്നതു മാത്രമല്ല ദുരന്ത നിവാരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് യാതൊരു രേഖകളും ഓഡിറ്റിന് ഹാജരാക്കിയിട്ടുമില്ല. ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കി വാർഷിക പദ്ധതിയുമായി സംയോജിപ്പിക്കുന്നതിനും അതിനായി മേൽ സർക്കാർ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിനും ഭരണ സമിതി പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-28 കടത്ത് പരിപാലനത്തിലെ അപാകതകൾ

പഞ്ചായത്തിന്റെ പരിധിയിൽ കരുമംകുളം, കുമ്പിച്ചൽ, പുരവിമല, കൊമ്പൈ എന്നീ നാലു കടത്തുകളാണ് നിലവിലുള്ളത്. കരുമംകുളം, കുമ്പിച്ചൽ കടത്തുകളിൽ പഞ്ചായത്ത് നിയമിച്ച ദിവസവേതന കരാർ ജീവനക്കാരും പുരവിമല, കൊമ്പൈ കടത്തുകളിൽ പൊതുമരാമത്ത് വകുപ്പിന്റെ കരാർ ജീവനക്കാരും കടത്തുകാരായി സേവനം അനുഷ്ഠിക്കുന്നു. എന്നാൽ ഈ നാലു കടത്തുകളിലെയും വള്ളം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതാണ്. കടത്ത് നടത്തിപ്പ് സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

അ) കടത്തുകാരുമായി കരാറിലേർപ്പെട്ടിട്ടില്ല

കരുമംകുളം, കുമ്പിച്ചൽ കടത്തുകളിൽ ഓരോ കരാർ ജീവനക്കാർ കടത്തുകാരായി ജോലി ചെയ്യുന്നുണ്ടെങ്കിലും നാളിതുവരെ പഞ്ചായത്ത് അവരുമായി കരാറിലേർപ്പെട്ടിട്ടില്ല. കരാറിന്റെ അഭാവത്തിൽ അവരുടെ ജോലി സമയം സംബന്ധിച്ചോ സേവന വേതന വ്യവസ്ഥകളെ കുറിച്ചോ അവധി അനിവാര്യമായി വന്നാൽ പകരം ഏർപ്പെടുത്തേണ്ട സംവിധാനത്തെ കുറിച്ചോ വള്ളങ്ങളുടെ സംരക്ഷണവും പരിപാലനവും സംബന്ധിച്ചോ കടത്തുകാരുമായി നിയമപരമായ യാതൊരു ധാരണയും പഞ്ചായത്ത് നടത്തിയിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇത്തരത്തിലുള്ള കരാർ ചമയ്ക്കുവാൻ സാധിക്കാത്തത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വീഴ്ചയാണ്. ആയതിനാൽ ഭരണസമിതി ഇക്കാര്യത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

ആ) കടത്തു വള്ളങ്ങൾക്ക് ഫിറ്റ്നെസ് പരിശോധന നടത്തിയിട്ടില്ല

കടത്തു വള്ളങ്ങൾക്ക് നിശ്ചിത ഇടവേളകളിൽ നടത്തുവാൻ നിഷ്കർഷിച്ചിട്ടുള്ള ഫിറ്റ്നെസ് പരിശോധന നടത്തിയിട്ടില്ല. 2010ലെ കേരള ഇൻലാന്റ് വെസ്സൽസ് ചട്ടങ്ങൾ, ചാപ്റ്റർ. II, ചട്ടം. 3 പ്രകാരം കടത്തു വള്ളങ്ങൾ 12 മാസത്തിലൊരിക്കൽ ഫിറ്റ്നെസ് (സർവ്വെ) പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കുന്ന കാര്യമായതിനാൽ ഫിറ്റ്നെസ് പരിശോധന അത്യന്താപേക്ഷിതമായ ഒന്നാണ്.

ഇ) സുരക്ഷ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടില്ല

കടത്തു വള്ളങ്ങളിലെ യാത്രക്കാർക്ക് സുരക്ഷ ഒരുക്കുന്നതിനുള്ള ലൈഫ്ജാക്കറ്റ്, ലൈഫ്ബോയ് എന്നിവ പോലുള്ള സുരക്ഷാ ഉപകരണങ്ങൾ യാതൊന്നും തന്നെ ഏർപ്പെടുത്തിയിട്ടില്ലെന്ന് ഓഡിറ്റ് എൻക്വയറിക്കുള്ള (11/09.11.2021) മറുപടിയിൽ അറിയിച്ചിട്ടുണ്ട്. 2010ലെ കേരള ഇൻലാന്റ് വെസ്സൽസ് ചട്ടങ്ങളിലെ ചട്ടം. 103(5)(a)(b) പ്രകാരം കടത്തു വഞ്ചികളിലെ ഓരോ യാത്രക്കാർക്കും ലൈഫ്ജാക്കറ്റ് പോലുള്ള സുരക്ഷ മാനദണ്ഡങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

ഈ) കടത്തു വള്ളങ്ങൾ രജിസ്റ്റർ ചെയ്തിട്ടില്ല

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടത്തു വള്ളങ്ങൾ രജിസ്റ്റർ ചെയ്തിട്ടില്ല. 2010ലെ കേരള ഇൻലാന്റ് വെസ്സൽസ് ചട്ടങ്ങളിലെ ചട്ടം. 14 അനുസരിച്ച് എല്ലാ തരം കടത്തു വഞ്ചികളും ചുമതലപ്പെട്ട മേലധികാരി (Competent Authority)

മുമ്പാകെ രജിസ്റ്റർ ചെയ്തിരിക്കേണ്ടതാണ്.

ഉ) കടത്ത് സന്ദർശിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല

സെക്രട്ടറി നിശ്ചിത ഇടവേളകളിൽ കടത്ത് സന്ദർശിച്ച് അതിന്റെ പ്രവർത്തനം സംബന്ധിച്ച് വിലയിരുത്തൽ നടത്തി റിപ്പോർട്ട് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

മേൽ അപാകതകൾ ചൂണ്ടിക്കാട്ടി 16.05.2022 ൽ നല്കിയ 21 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കടത്തുകളുടെ പ്രവർത്തനം ക്രമ പ്രകാരമാക്കുവാൻ ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-29 വാഹന പരിപാലനത്തിലെ അപാകതകൾ

പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ KL 19 B 9363 എന്ന നമ്പരിലുള്ള Bolero Jeep വാഹനമാണുള്ളത്. ഇതിന്റെ പരിപാലനം സംബന്ധിച്ച് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

പുക പരിശോധയ്ക്ക് (Pollution Test) വിധേയമാക്കിയിട്ടി ല്ല

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL 19 B 9363 Bolero Jeep വാഹനത്തിന്റെ 2019-20 സാമ്പത്തിക വർഷം പുക പരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ല. വാഹനത്തെ സംബന്ധിച്ച രേഖകളുടെ പരിശോധനയിലാണ് ഇക്കാര്യം ബോദ്ധ്യപ്പെട്ടത്. ഈ വിഷയം ചൂണ്ടിക്കാട്ടി 17.05.2022 തീയതിയിൽ 26 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കുകയോ പൊല്യൂഷൻ ടെസ്റ്റ് നടത്തിയതിന്റെ രേഖകൾഹാജരാക്കുകയോ ചെയ്തിട്ടില്ല. ഔദ്യോഗിക വാഹനങ്ങൾ നിഷ്കർഷിക്കപ്പെട്ട ഇടവേളകളിൽ പുക പരിശോധനയ്ക്ക് വിധേയമാക്കേണ്ടത് കസ്റ്റോഡിയൻ ഓഫീസറുടെ ചുമതലയാണ്.

മെയിന്റനൻസ് ആന്റ് റിപ്പയർ രജിസ്റ്റർ , ഇന്ധന രജിസ്റ്റർ എന്നിവ പരിപാലിക്കുന്നില്ല

അറ്റകുറ്റപ്പണികൾ, സ്പെയർ പാർട്സുകൾ മാറ്റി സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികളും അതിനുവേണ്ടിവന്ന ചെലവ്, തീയതി തുടങ്ങിയ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടുള്ള മെയിന്റനൻസ് ആന്റ് റിപ്പയർ രജിസ്റ്ററും ഇന്ധനം നിറച്ച തീയതി, അളവ്, വില, വാഹന നമ്പർ എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള ഇന്ധന രജിസ്റ്ററും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

മെയിന്റനൻസ് ആന്റ് റിപ്പയർ രജിസ്റ്റർ, ഇന്ധന രജിസ്റ്റർ എന്നിവ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് 17.05.2022 തീയതിയിൽ 26 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ആയതിന് മറുപടി ലഭ്യമാക്കുകയോ തത്സംബന്ധമായ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. സ.ഉ (പി) നം. 803/70/ ഫിൻ തീയതി. 13.11.1970 പ്രകാരം പുറപ്പെടുവിച്ച മോട്ടോർ വാഹനങ്ങളുടെ ഉപയോഗത്തിനുള്ള ചട്ടങ്ങളിലെ ചട്ടം.I(3) അനുസരിച്ച് വാഹനങ്ങളുടെ നിയന്ത്രണോദ്യോഗസ്ഥൻ സൂക്ഷിക്കേണ്ട പ്രധാന രേഖകളാണ് മെയിന്റനൻസ് ആന്റ് റിപ്പയർ രജിസ്റ്ററും ഇന്ധന രജിസ്റ്ററും. ആയതിനാൽ മേൽപ്പറഞ്ഞ രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിക്കേണ്ടത് നിയന്ത്രണോദ്യോഗസ്ഥന്റെ ഉത്തരവാദിത്തമാണ്. രജിസ്റ്റർ കാലികമാക്കി സാക്ഷ്യപ്പെടുത്തി സമർപ്പിക്കേണ്ടതാണ്.

## 1-30 ലോഗ്ബുക്ക് പരിപാലനത്തിലെ അപാകതകൾ

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാഹനത്തിന്റെ ലോഗ്ബുക്കുകൾ നിയമാനുസൃതമായ രീതിയിൽ പരിപാലിക്കുന്നില്ല. ലോഗ്ബുക്കുകളുടെ പരിപാലനത്തിൽ കെ.എഫ്.സി വാല്യം.I പ്രകാരം കെ.എഫ്.സി വാല്യം.II ൽ നൽകിയിട്ടുള്ള 48എ, 48ബി എന്നീ ഫോറങ്ങളിലെ വ്യവസ്ഥകളും കേരള സർക്കാർ ധനകാര്യ പരിശോധനാ വിഭാഗം (നോൺ ടെക്നിക്കൽ-എഫ്) വകുപ്പ് പുറപ്പെടുവിച്ച 2.08.2008 ലെ 41/2008/ധന നമ്പർ സർക്കുലറിലെ വ്യവസ്ഥകളും 30.06.07 ലെ ജി.ഒ.(എം.എസ്) 170/07 ത.സ്വ.ഭ.വ എന്ന ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങളും കർശനമായി പാലിക്കേണ്ടതാണ്. 2020-21 സാമ്പത്തിക വർഷത്തെ ലോഗ്ബുക്കുകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. കസ്റ്റോഡിയൻ-ഓഫീസർ ലോഗ്ബുക്ക് പരിശോധിക്കുന്നില്ല

വാഹനത്തിന്റെ കസ്റ്റോഡിയൻ-ഓഫീസർ ഇടയ്ക്കിടെ ലോഗ്ബുക്ക് പരിശോധിക്കേണ്ടതും വാഹനത്തിന്റെ ഉപയോഗം ക്രമ പ്രകാരമാണെന്ന് ബോദ്ധ്യപ്പെടേണ്ടതും പരിശോധിച്ച വിവരം അതിൽ രേഖപ്പെടുത്തി സാക്ഷ്യപ്പടുത്തേണ്ടതുമാണ്.

2. ഫുൾടാങ്ക് ഇന്ധനം നിറയ്ക്കുന്നില്ല

വാഹനത്തിന്റെ ഇന്ധനടാങ്ക് പൂർണ്ണമായും നിറയ്ക്കേണ്ടതാണ്. നിയന്ത്രണ ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ മേൽനോട്ടത്തിലോ അല്ലെങ്കിൽ നിയന്ത്രണാധികാരി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിലോ ഇന്ധനം നിറയ്ക്കേണ്ടതാണ്. തീയതി, ഇന്ധനത്തിന്റെ ആകെ അളവ്, ഇന്ധനം നിറയ്ക്കുമ്പോഴുള്ള കിലോമീറ്റർ റീഡിംഗ്, ആ സമയത്ത് വാഹനത്തിലുണ്ടായിരുന്ന ഇന്ധനത്തിന്റെ മുൻബാക്കി എന്നിവ ലോഗ്ബുക്കിൽ എഴുതിയതിനുശേഷം ടാങ്ക് നിറയ്ക്കുമ്പോൾ സന്നിഹിതനായിരുന്ന ഉദ്യോഗസ്ഥന്റെ പേരും ഒപ്പം ഉദ്യോഗപ്പേരും ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതുന്നതിന് ബന്ധപ്പെട്ട അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ വാഹനത്തിന്റെ ടാങ്ക്

കപ്പാസിറ്റിയും ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

3. രജിസ്ട്രേഷൻ നമ്പർ രേഖപ്പെടുത്തുന്നില്ല

ലോഗ്ബുക്കിന്റെ നിർദ്ദിഷ്ട ഭാഗത്ത് വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ, Type Of Vehicle എന്നീ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.

4. ഇന്ധനക്ഷമത ടെസ്റ്റ് സർട്ടിഫിക്കറ്റ് പതിച്ചിട്ടില്ല

ഇന്ധനക്ഷമത ടെസ്റ്റ് എല്ലാ വർഷവും കൃത്യസമയത്തു നടത്തേണ്ടതും സർട്ടിഫിക്കറ്റ് ലോഗ്ബുക്കിൽ പതിക്കേണ്ടതുമാണ്.

മേൽ അപാകതകൾക്ക് വിശദീകരണമാരാഞ്ഞ് 17.05.2022 ന നൽകിയ 26 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വാഹനത്തിന്റെ കസ്റ്റോഡിയനായ സെക്രട്ടറിയും, പരിപാലന ചുമതലയുള്ള ഉദ്യോഗസ്ഥരും മേൽപ്പറഞ്ഞ അപാകതകൾ പരിഹരിക്കേണ്ടതും വാഹനത്തിന്റെ ഉപയോഗവും പരിപാലനവും ലോഗ്ബുക്കുകളുടെയും അനുബന്ധ രേഖകളുടെയും പരിപാലനവും നിയമപ്രകാരമാണെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-31 അമൃതം ന്യൂട്രിമിക്സിന്റെ ഗുണനിലവാരം ഉറപ്പ് വരുത്തിയിട്ടില്ല

കേന്ദ്ര ഗവൺമെന്റ് പദ്ധതിയായ ടേക്ക് ഹോം റേഷൻ സ്ട്രാറ്റജി (ടി.എച്ച്.ആർ.എസ്) പ്രകാരം കേരള സർക്കാരിന കീഴിൽ സാമൂഹ്യക്ഷേമ വകുപ്പിന്റെ സഹായത്തോടെ ആറ് മാസം മുതൽ മൂന്ന വയസുവരെയുള്ള കുട്ടികൾക്ക് അങ്കണവാടികൾ വഴി വിതരണം ചെയ്യുന്ന പോഷകാഹാരമാണ് അമൃതം ന്യൂട്രിമിക്സ്. കുടുംബശ്രീയുടെ വിദഗ്ധ പരിശീനം നേടിയ അമൃതം ഫുഡ് സപ്ളിമെൻറ് യൂണിറ്റുകളാണ് ഈ പോഷകാഹാരം തയ്യാറാക്കുന്നത്. 22.09.2014 -ലെ സ.ഉ (സാധാ) നം. 587/2014/സാ.നീ.വ പ്രകാരം കുടുംബശ്രീ ന്യൂട്രിമിക്സ് നിർമ്മാണ യൂണിറ്റുകൾ ഉൽപ്പാദിപ്പിച്ച് അങ്കണവാടികളിൽ വിതരണം ചെയ്യുന്ന അമൃതം ന്യൂട്രിമിക്സിന്റെ നിർമ്മാണം സംബന്ധിച്ച് സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രോസീജിയർ പ്രകാരം ലാബ് ടെസ്റ്റ് നടത്തി ഗുണമേൻമ ഉറപ്പ് വരുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട് . സംയോജിത ശിശു വികസന സേവന പദ്ധതിയുടെ ഭാഗമായി അങ്കണവാടികൾ ഓരോ രണ്ടുമാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റെയും സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കാനും ലാബ് ടെസ്റ്റുകളുടെ പരിശോധനാ ഫലം തൃപ്തികരമാണെങ്കിൽ മാത്രം ഭക്ഷ്യ മിശ്രിതത്തിന്റെ വില മുതലായവ ന്യൂട്രിമിക്സ് യൂണിറ്റുകൾക്ക് നല്കിയാൽ മതിയെന്നും സാമൂഹ്യക്ഷേമ ഡയറക്ടർ നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരത്തിൽ ലാബ് ടെസ്റ്റ് നടത്തിയതിന്റെ സർട്ടിഫിക്കറ്റ് ഓഡിറ്റിന് ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണംനം.16/22-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഗുണനിലവാരം ഉറപ്പുവരുത്തിമാത്രം പോഷകാഹാരവിതരണം നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | മുന്നിരിപ്പ് | ലഭിച്ച തുക | പദ്ധതിയുടെ പേര് | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2020-21 | 1293367 | 637498 | ഹരിതഭവനം | 70000 | 1293367 |
| | | | | സ്നേഹസ്പർശം | 292125 | |
| | | | | ക്ഷീരസമൃദ്ധി (ജനറൽ)(സ്പിൽ ഓവർ) | 70000 | |
| | | | | ക്ഷീരസമൃദ്ധി (ജനറൽ) | 60000 | |
| | | | | ക്ഷീരസമൃദ്ധി (വനിത)(സ്പിൽ ഓവർ) | 95373 | |
| | | | | ക്ഷീരസമൃദ്ധി (വനിത) | 50000 | |
| ആകെ | | 1293367 | 637498 | | 637498 | 1293367 |
| ബ്ലോക്ക് പഞ്ചായത്ത് | | 736242 | 490390 | സ്നേഹസ്പർശം | 292125 | 736242 |
| | | | | ക്ഷീരസമൃദ്ധി (വനിത) | 100000 | |
| | | | | ക്ഷീരസമൃദ്ധി (ജനറൽ) | 98265 | |
| ആകെ | | 736242 | 490390 | | 490390 | 736242 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിക്ഷേപ പ്രവൃത്തികൾക്ക് 2020-21സാമ്പത്തിക വർഷം നൽകിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു .

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | നൽകിയ തുക | ചെലവഴിച്ച തുക | തിരികെ ലഭിച്ച തുക | ചെലവഴിക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കൊങ്കോട്ടുപ്പാറ ഷെഡ്ഡു നട പൈപ്പ് ലൈൻ നീട്ടൽ 76/21 | 96400 | 0 | 0 | 96400 |

| | | | | | |
|---|---|---|---|---|---|
| | ചീനിക്കാല പള്ളിനട തട്ടാം മുക്ക് പൈപ്പ് ലൈൻ നീട്ടൽ 31/21 | 98100 | 0 | 0 | 98100 |
| | നാരകത്തിൻമൂട് പള്ളിവിളപൈപ്പ് ലൈൻ നീട്ടൽ 32/21 | 139000 | 0 | 0 | 139000 |
| | കാഞ്ഞിരംമൂട് കെ.പി റോഡ് പൈപ്പ് ലൈൻ നീട്ടൽ33/21 | 146300 | 0 | 0 | 146300 |
| | കണ്ടംതിട്ട കോളനി മുതൽ നെടുംപള്ളി വരെ പൈപ്പ് ലൈൻ നീട്ടൽ34/21 | 176900 | 0 | 0 | 176900 |
| | മായം കരുമംകുളം പൈപ്പ് ലൈൻ നീട്ടൽ 216/21 | 200000 | 0 | 0 | 200000 |
| | കുട്ടപ്പ കമ്മ്യൂണിസ്റ്റ് മുക്ക് പൈപ്പ് ലൈൻ നീട്ടൽ 220/21 | 220000 | 0 | 0 | 220000 |
| | നടയ്ക്കൽ താഴെ പൈപ്പ് ലൈൻ നീട്ടൽ 221/21 | 195800 | 0 | 0 | 195800 |
| | കാസറോഡ് കരിമ്പ് മണ്ണടി പൈപ്പ് ലൈൻ നീട്ടൽ 27/21 | 197100 | 0 | 0 | 197100 |
| | കുറിച്ചി ചാക്കേതോട്ടം പൈപ്പ് ലൈൻ നീട്ടൽ 25/21 | 197700 | 0 | 0 | 197700 |
| | കണ്ടംതിട്ട ഇടവാച്ചൽ പൈപ്പ് ലൈൻ നീട്ടൽ 222/21 | 199800 | 0 | 0 | 199800 |
| | വാഴിച്ചൽ വിലങ്ങുമല പൈപ്പ് ലൈൻ നീട്ടൽ 77/21 | 666700 | 0 | 0 | 666700 |
| | ഹോമിയോ ആശുപത്രിക്ക് കുടിവെള്ളം 190/21 | 16800 | 0 | 0 | 16800 |
| | മൂങ്ങോട് ജംഗ്ഷനിൽ പൊതു ടാപ്പ് സ്ഥാപിക്കൽ26/21 | 7000 | 0 | 0 | 7000 |
| | കളമാംകുഴിയിൽ പൊതുടാപ്പ് 29/21 | 7000 | 0 | 0 | 7000 |
| കെ.എസ്.ഇ.ബി | കളമാംകുഴിയിൽ സ്ട്രീറ്റ് ലൈൻ | 22759 | 0 | 0 | 22759 |
| | കാക്കണം വിള അംഗൻവാടിക്ക് കറണ്ട് കണക്ഷൻ 239/21 | 35826 | 0 | 0 | 35826 |

മേൽ പദ്ധതികൾ പ്രകാരം സുലേഖ പത്രികയിൽ തുക ചെലവായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്തതിനാൽ യഥാർത്ഥ ചെലവായി അംഗീകരിച്ചിട്ടില്ല.

## 4-3 മൊബലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

2020-21 സാമ്പത്തിക വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്നതുകയുടെയും വിശദവിവരം ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| | | മുതൽ | പലിശ | |
| ലൈഫ് ഭവനപദ്ധതി* | 31274784 | 1599489 | | 29675295 (AFS പ്രകാരം) |
| ഇ.എം.എസ് ഭവനപദ്ധതി | 1691340 | 1084662 | | 606678** |

*വായ്പ രജിസ്റ്റർ പരിപാലിച്ചിട്ടില്ലാത്തതിനാൽ ലഭിച്ച തുക, തിരിച്ചടച്ച തുക, തിരിച്ചടക്കാൻ ബാക്കിയുള്ള തുക എന്നിവയുടെ വിശദാംശങ്ങൾ പരിശോധിക്കാനായില്ല. വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള തുകയാണ് ചേർത്തിട്ടുള്ളത്.

** വായ്പ രജിസ്റ്റർ പ്രകാരം നീക്കിയിരുപ്പ് 193720/- രൂപയാണ്. വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങളുടെ വിവരം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി വിവരങ്ങൾ

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-5 | 2016-17 | അനുബന്ധം 3 | വസ്തുനികുതി കുടിശ്ശിക | തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട് |
| 2015-16 | 2-1 | 2016-17 | അനുബന്ധം 5 | സ്ഥാപനനികുതി | : |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 1,10,05,880/- |
| വരവ് | 6,93,48,208/- |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 8,03,54,088/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,15,12,440/- |
| നീക്കിയിരിപ്പ് | 88,41,648/- |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 48,81,525/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല | | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 26,05,359/- | ശ്രീ. സലിൽ എ സോണി, സെക്രട്ടറി |
| 1-24 | 3,76,166/- | ശ്രീ. സലിൽ എ സോണി, സെക്രട്ടറി |
| 1-26 | 19,00,000/- | ശ്രീ. ദിന, വി.ഇ.ഒ |
| ആകെ | 48,81,525/- | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ് )റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സലിൽ എ സോണി, സെക്രട്ടറി | | കാർത്തിക, മുടവൂർപ്പാറ, ബാലരാമപുരം പി.ഒ |
| ശ്രീ.ദിന, വി.ഇ.ഒ | | രോഹിണി, എരിക്കന്നം, നെട്ടയം, മണികണ്ഠേശ്വരം പി.ഒ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2001-02 | എൽ.എഫ്.റ്റി.ഡി.ജി.പി 2/328/2003 | 8 | |
| 2002-03 | എൽ.എഫ്.റ്റി.ഡി.ജി.പി.2/884/2006 | 3 | |
| 2003-04 | എൽ.എഫ്.റ്റി.ഡി.ജി.പി.2/884/2006 | 4 | |
| 2004-05 | എൽ.എഫ്.റ്റി.ഡി.ജി.പി 2/1224/2007 | 9 | |
| 2005-06 | എൽ.എഫ്.റ്റി.ഡി.ജി.പി 2/1125/2008 | 5 | |
| 2006-07 | എൽ.എഫ്.റ്റി.ഡി.ജി.പി 2/1051/2009 | 16 | |
| 2008-09 | എൽ.എഫ്.റ്റി.ഡി.ജി.പി 2/748/2011 | 12 | |
| 2009-10 | എൽ.എഫ്.റ്റി.ഡി.ജി.പി 2/2413/2012 | 11 | |
| 2010-11 | എൽ.എഫ്.റ്റി.ഡി.ജി.പി 2/2640/2012 | 24 | |
| 2011-12 | എൽ.എഫ്.റ്റി.ഡി.ജി.പി 2/2568/2013 | 10 | |
| 2012-13 | കെ.എസ്.എ.റ്റി.വി.എം.ജി.പി 2/1863/14 | 22 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ജി.പി 2/881/2015 | 10 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി 2/1383/16 | 20 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി. 2/2063/2016 | 9 | |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.2/2261/2018 തീയതി 14.01.2019 | 16 | |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1700/19 തീയതി 16.10.2019 | 23 | |
| 2019-20 | കെ.എസ്.എ.റ്റി.വി.എം.ജി.പി.2/112/2022 തീയതി 28.01.2022 | 44 | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ അമ്പൂരി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ അമ്പൂരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്